For Private Circulation Only

March 2023

അനുഗമിക്കുന്നവൻ

HOLY BIBLE

Vol.70 | " പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞതു: ഒരുത്തൻ ..... എന്നെ അനുഗമിക്കട്ടെ " (മത്താ.14::24) | No.3

ക്രിസ്തുവിന്റെ ക്രൂശ്

By J.C.Ryle

" എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു" (ഗലാ. 6:14).

" ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തികളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു " (1കൊരി.15:3).

" ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു " (1 കൊരി. 2:2).

താങ്കൾ ചിന്തിച്ചേയ്ക്കാം പൗലൊസ് പറയുന്നത് ശരിയായിരുന്നുവെന്ന്. ഇതിൽ ആശ്രയിച്ച് ക്രിസ്തുവിന്റെ ക്രൂശ്, ക്രിസ്തുവിന്റെ മരണം പാപികൾക്കുവേണ്ടിയുള്ള പ്രായശ്ചിത്തപ്രകാരമുള്ള പാപപരിഹാരം ഇതാണ് മുഴുവൻ വിശുദ്ധ വേദ വചനത്തിന്റെ കേന്ദ്ര സത്യം. ഈ സത്യം നാം ആരംഭിക്കുന്നത് വേദപുസ്തകത്തിലെ ഉല്പത്തി പുസ്തകം തുറക്കപ്പെടുന്നതുകൂടിയാണ്. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ തകർക്കുമെന്നുള്ള പരമസത്യം അല്ലാതെ ഒന്നുമല്ല. പ്രത്യുത ക്രിസ്തുവിന്റെ ക്രൂശീകരണത്തെകുറിച്ചുള്ള ഒരു പ്രവചനം ആണ്.

ഈ സത്യം തന്നേയാണ് പ്രകാശിക്കപ്പെട്ടിരിക്കുന്നത്, മറയ്ക്കപ്പെടിരുന്നതെങ്കിലും, സകലതും മോശെയുടെ നിയമപ്രമാണങ്ങളാലും അതുപോലെ യഹൂദന്മാരുടെ ചരിത്രത്താലും ദിനംന്തോറുമുള്ള യാഗങ്ങളാലും, പെസഹകുഞ്ഞാട് ദേവാലയത്തിലും സമാഗമനകൂടാരത്തിലും നിരന്തരമായിട്ടു ചൊരിയപ്പെട്ടിരുന്ന യാഗവസ്തുവിൽ നിന്നുള്ള രക്തവും ഇതെല്ലാം സൂചിപ്പിച്ചിരിക്കുന്നത് ക്രിസ്തുവിന്റെ ക്രൂശിലുള്ള പരമയാഗത്തിന്റെ അടയാളം ആയിരുന്നു.

പുതിയനിയമത്തിലെ പ്രചന പുസ്തകമായ വെളിപ്പാടിൽ ഈ നഗ്നസത്യമാണ് നാം കാണുന്നത്. വളരെ ആദരവോടുകൂടി നാം ഈ പുസ്തകത്തെ അടയ്ക്കുന്നതിനു മുമ്പെ കാണുന്ന ദർശനം സ്വർഗ്ഗത്തിന്റെതാണ്. " ഞാൻ സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാടു അറുക്കപ്പെട്ടതുപോലെ നിൽക്കുന്നതു കണ്ടു " (വെളി. 5:6) സ്വർഗ്ഗത്തിന്റെ മഹത്വത്തിന്റെ മദ്ധ്യത്തിൽ പോലും നാം കാണുന്നത് ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ കാഴ്ചയാണ്.

അപ്പോസ്തലനായ പൗലൊസ് മറ്റുള്ള യാതൊന്നിനെയും പുകഴ്ത്താതെ ക്രൂശിനെയാണ് വെളിപ്പെടുത്തുന്നത്. അദ്ദേഹത്തെപോലെ ആകുവാൻ നമുക്കും പരിശ്രമിക്കാം. താങ്കളുടെ ആത്മാവിന്റെ കണ്ണുകളുടെ മുമ്പെ ക്രൂശിതനായ യേശുവിനെ പൂർണ്ണമായിട്ടു ഒന്നു വയ്ക്കുക. ഞാൻ വിശ്വസിക്കുന്നത് ഇത് വളരെ ശ്രേഷ്ഠമായ ഒന്നാണ്. നമുക്കു വേണ്ടി ക്രൂശിക്കപ്പെട്ട ക്രിസ്തുവിൽ നിരന്തരമായിട്ട് നമുക്ക് വസിക്കേണ്ടതിനും.

ഇത് വേറെ യാതൊന്നിനും വേണ്ടിയല്ല. അത് ക്രൂശീകരണം പുതിയനിയമത്തിൽ നാല് പ്രാവശ്യം വിശദീകരിക്കപ്പെട്ടിരിക്കുന്നതും. വളരെ കുറച്ച് വസ്തുക്കൾ മാത്രം ഈ നാലും പുതിയ നിയമ സുവിശേഷം എഴുത്തുകാരും വിശദീകരിച്ചിരിക്കുന്നത്. പൊതുവായിട്ട് സംസാരിച്ചുകൊണ്ട് വിശുദ്ധ മത്തായിയും മർക്കൊസും, അതുപോലെ ലൂക്കോസും പറയുന്ന ഒരു വസ്തുത അത് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ചരിത്രത്തെയാണ്, എന്നാൽ വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ അതിന്റെതായ യാതൊരു വിവരണവും കാണുന്നില്ല. എന്നാൽ ഇതിൽ നാലിലും പൊതുവായിട്ട് വളരെ പ്രധാനപ്പെട്ട ഒരു പരമസത്യത്തെ പൂർണ്ണമായിട്ടു നമുക്ക് നല്കുന്നത്, അതെ ഒരേ ഒരു പരമസത്യം, ക്രൂശിന്റെ കഥയാണ്. ഇത് വളരെയധികം ശ്രമകരമായ ഒരു വസ്തുതയും കൂടിയാണ്. അതുപോലെ വെറുതെ ഗൗരവം കൂടാതെ കാണുന്നതിനു ഉള്ളതല്ല.

ഞാൻ ക്രിസ്തുവിന്റെ ക്രൂശിൽ ജ്ഞാനവും അതുപോലെ ശക്തിയും, സമാധാനവും പ്രത്യാശയും, സന്തോഷവും പരമാനന്ദവും, ആശ്വാസവും സാന്ത്വനവും ദർശിക്കുന്നു. അതിൽ എല്ലാം വലുത് എത്രമാത്രം ഞാൻ എന്റെ മനസ്സിന്റെ കണ്ണുകളിൽ കാത്തു സൂക്ഷിക്കുന്നുവോ, അധികമായ പൂർണ്ണ വിവേചനത്തോടെ ഞാൻ കാണുകയാണ് ഇതിൽ. എന്റെ ചിന്തകളിൽ കൂടി ഞാൻ കൂടുതൽ ക്രൂശിൽ വസിക്കുമ്പോൾ, അധികം സംതൃപ്തനാണ്. അതായത് എനിക്ക് കൂടുതൽ ക്രൂശിന്റെ ആ പാദത്തിൽ ഇരുന്ന് അഭ്യസിക്കുന്നതിനും ലോകത്തിലെ വേറെ ഒരു സ്ഥലത്തു നിന്ന് ലഭിക്കുന്നതിനെക്കാൾ ശ്രേഷ്ഠമായിട്ട്.

പിതാവിന്റെ സ്നേഹം

എനിക്ക് അറിയുവാൻ കഴിയുമോ പിതാവായ ദൈവത്തിന്റെ ഈ പാപകരമായ ലോകത്തിനെകുറിച്ചുള്ള സ്നേഹത്തിന്റെ നീളവും അതിന്റെ വീതിയും. ഇത് കൂടുതലായിട്ട് എവിടെയാണ് പ്രദർശിക്കപ്പെട്ടിരിക്കുന്നത് എനിക്ക് ദർശിക്കുവാൻ സാദ്ധ്യം? നന്ദി ഇല്ലാത്തതും തിന്മ നിറഞ്ഞതുമായ ഇവിടെ ദിനംന്തോറും പ്രകാശിക്കുന്ന അവിടുത്തെ സൂര്യനിൽ എനിക്ക് നോക്കിയാൽ ലഭിക്കുമോ? വീതകാലവും അതുപോലെ വളരെ വിജയകരമായിട്ടു വർഷം തോറുമുള്ള വിളവെടുപ്പിലും (കൊയ്ത്തിലും) എനിക്ക് നോക്കിയാൽ ലഭിക്കുമോ? ഓ , ഇല്ല! ഇതിൽ കൂടി ഒന്നു എനിക്കു വളരെ ശക്തമായതും കരുത്തുറ്റതും ആയ ഒരു തെളിവ് ലഭിക്കുകയില്ല. ഞാൻ ക്രിസ്തുവിന്റെ ക്രൂശിൽ തന്നേ നോക്കും.

പിതാവിന്റെ സ്നേഹത്തിന്റെ കാരണം ഞാൻ ഇതിൽ കാണുന്നില്ല, പ്രത്യുത ഇതിന്റെ പ്രയോജനം അല്ലെങ്കിൽ ഉദ്ദിഷ്ട സിദ്ധിയെയാണ്. അവിടെ ഞാൻ ദർശിക്കുന്നത്. അതെ ദൈവം ഈ തിന്മ നിറഞ്ഞ ലോകത്തെ അധികം സ്നേഹിച്ചുവെന്ന്, അതെ അവിടുന്ന് നല്കി അവിടുത്തെ ഏകജാത

(ശേഷം 2-ാം പേജിൽ)

നായ ഓമനകുമാരനെ, കഷ്ടത്തിലും മരണത്തിനും ആയിട്ടു സമർപ്പിച്ചു. എന്തിനാണ് ആരൊക്കെ തന്റെ പുത്രനിൽ വിശ്വസിക്കുന്നുവോ അവരൊക്കെയും " നശിച്ചുപോകാതെ നിത്യജീവന്റെ അവകാശികളായിതീരുവാൻ " (യോഹ. 3:16). ഞാൻ അറിയുന്നു അതെ പിതാവ് നമ്മെ സ്നേഹിക്കുന്നുവെന്ന്, എന്തുകൊണ്ടെന്നാൽ അവിടുത്തെ പുത്രനായിട്ടു നമ്മെ നല്കാതെ അവിടുന്ന് നമ്മെ പിടിച്ചുവയ്ക്കുന്നില്ല, അവിടുത്തെ ഏകജാതനായ പുത്രനിൽ ആഹാ! വായനക്കാരാ, ഞാൻ ചിലപ്പോഴൊക്കെയും അങ്ങ് ഭ്രമത്തിൽ ആയിപോയിട്ടുണ്ട് അതായത് പിതാവായ ദൈവം അവിടുന്ന് വളരെ ഉന്നതനും അതുപോലെ വിശുദ്ധനും ആയവൻ ഇത്രയും ദയനീയമമായതിനെ, കരുതുവാനും ഒട്ടും കൊള്ളരുതാത്തതുമായ അവിടുത്തെ സൃഷ്ടികളായ നമ്മെ കരുതുവാൻ. എന്നാൽ നമുക്ക് കഴിയുകയില്ല, അങ്ങനെ ആകരുത്, ചിന്തിക്കുവാൻ ധൈര്യപ്പെടുന്നില്ല, ക്രിസ്തുവിന്റെ ക്രൂശിലേക്കു ഞാൻ നോക്കുമ്പോൾ.

പാപത്തിന്റെ പാപകരം

ഞാൻ അറിയുന്നുവോ, എത്രയോ സീമയറ്റതാണ് പാപം നിറയപ്പെട്ടതും അതുപോലെ വെറുക്കത്തക്കതുമാണ് ദൈവത്തിന്റെ മുമ്പിൽ പാപം എന്നുള്ള സത്യം? ഇത് പൂർണ്ണമായിട്ട് പുറത്ത് കൊണ്ടുവന്നത് എവിടെയാണെന്നാണ് എനിക്ക ദർശിക്കുവാൻ സാധിക്കുന്നത്? ജലപ്രളയത്തിന്റെ ചരിത്രത്തിലേയ്ക്കു ഞാൻ ഒന്നു തിരിഞ്ഞ് നോക്കട്ടെ, അതുപോലെ എപ്രകാരമാണ് പാപം ലോകത്തെ മുക്കികൊല്ലുന്നതെന്ന്? ചെങ്കടലിന്റെ തീരത്തേയ്ക്കു ഞാൻ ഒന്നു പോകട്ടെ സോദോം ഗോമോറയിൽ നിന്ന് പാപത്തെയാണ് കൊണ്ടുവന്നതെന്ന്? ഇല്ല! ഇപ്പോഴും എനിക്ക് വളരെ ശക്തമായ തെളിവു കണ്ടെത്തുവാൻ സാധിക്കും. ക്രിസ്തുവിന്റെ ക്രൂശിലേക്ക് ഞാൻ ഒന്നു നോക്കട്ടെ.

അവിടെ ഞാൻ കാണുന്നത് പാപം അങ്ങേയറ്റം കറുത്ത് ഇരുണ്ടതും അതുപോലെ നിന്ദ്യമായതും ആയിട്ട്, വെറെ ഒന്നുമില്ല. പ്രത്യുത ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ രക്തത്താൽ മാത്രമേ അത് കഴുകി വെണ്മയുള്ളതാക്കി തീർക്കുവാൻ സാധിക്കുകയുള്ളൂ. അവിടെ ഞാൻ കാണുന്നു അതെ പാപത്താൽ എന്റെ വിശുദ്ധ സൃഷ്ടാവിൽ നിന്നു എന്നെ വേർതിരിക്കുന്നില്ലായെന്ന്, അതെ സ്വർഗ്ഗത്തിലെ സകല ദൂതന്മാർക്കും ഒരിക്കലും കഴിഞ്ഞില്ല. നമ്മുടെ മദ്ധ്യത്തിൽ സമാധാനം സ്ഥാപിക്കുവാൻ. ക്രിസ്തുവിന്റെ മരണത്തിന്റെ വ്യാപ്തിയിൽ നിന്നു നമ്മെയാതൊന്നും രമ്യതയിലേക്ക് മാറ്റുന്നില്ല. ആഹ! ഞാൻ ഒരു വഴി തെറ്റിയ അഹങ്കാരിയായ മനുഷ്യരുടെ സംസാരം കേൾക്കുന്നുവെങ്കിൽ,ഞാൻ ഒരു പക്ഷേ ചിന്തിച്ചേയ്ക്കാം വിവിധ ഭാവനയിൽ ഉള്ള പാപം അത് വളരെ ഗൗരവ മേറിയ പാപം അല്ലായെന്ന്. എന്നാൽ പാപത്തിന്റെ ഒരു ചെറിയ കണികപോലും ഞാൻ ചിന്തിക്കുവാൻ കഴിയുകയില്ല ഞാൻ ക്രിസ്തുവിന്റെ ആ ക്രൂശിലേക്ക് നോക്കുമ്പോൾ.

രക്ഷയുടെ പൂർണ്ണത

എനിക്ക് അറിയുവാൻ കഴിയുമോ പാപികൾക്കുവേണ്ടി ദൈവം നല്കപ്പെട്ടിരിക്കുന്ന രക്ഷയുടെ പൂർണ്ണതയും അതുപോലെ അതിന്റെ പൂർത്തീകരണവും. വളരെ പ്രത്യേകമായതു എവിടെയാണ് എനിക്ക് കാണുവാൻ കഴിയുന്നത്? പൊതുവിൽ വിശുദ്ധ വേദപുസ്തകത്തിൽ പറയപ്പെട്ടിരിക്കുന്ന പ്രഖ്യാപനത്തിലേയ്ക്കു ഞാൻ പോകട്ടെ ദൈവത്തിന്റെ കരുണയെകുറിച്ച് പൊതുവായ സത്യത്തിൽ തന്നേ ഞാൻ അങ്ങ് നില്ക്കട്ടെ അതെ ദൈവം സ്നേഹത്തിന്റെ ദൈവമാണെന്ന് ഓ, ഇല്ല; ഞാൻ ക്രിസ്തുവിന്റെ ക്രൂശിലേക്കു നോക്കട്ടെ. ഇതു

(ശേഷം 3-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" യഹോവയായ കർത്താവേ നിന്റെ മഹാശക്തികൊണ്ടും നീട്ടിയ ഭുജംകൊണ്ടും നീ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കി. നിനക്കു അസാധ്യമായതു ഒന്നുമില്ല. നീ ആയിരം തലമുറയോളം ദയകാണിക്കയും പിതാക്കന്മാരുടെ അകൃത്യത്തിനു അവരുടെ ശേഷം അവരുടെ മക്കളുടെ മാർവ്വിടത്തിൽ പകരം കൊടുക്കയും ചെയ്യുന്നു. മഹത്വവും വല്ലഭത്വവുമുള്ള ദൈവമേ സൈന്യങ്ങളുടെ യഹോവ എന്നല്ലോ നിന്റെ നാമം. നീ ആലോചനയിൽ വലിയവനും പ്രവൃത്തിയിൽ ശക്തിമാനും ആകുന്നു. അവന്റെ നടപ്പിനും പ്രവൃത്തികളുടെ ഫലത്തിനും തക്കവണ്ണം കൊടുക്കേണ്ടതിനു നീ മനുഷ്യരുടെ എല്ലാ വഴികളിന്മേലും ദൃഷ്ടിവെക്കുന്നു " (യിരെ. 32:17-19).

2023 ഫെബ്രുവരി മാസം നമ്മെ വിട്ട് കടന്നു പോയി. മാർച്ച് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നമ്മുടെ ദൈവം വിശ്വസ്തൻ ആണ്. ഈ അന്ത്യനാളുകളിൽ യേശുവിനെ നാം കൂടുതലായി അറിയുകയും സ്നേഹിക്കുകയും ചെയ്യുക. കൂടുതൽ സമയം പ്രാർത്ഥനയിൽ ചെലവിടുക. അപ്പോൾ ദൈവത്തിൽ നിന്ന് കൂടുതൽ അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ കഴിയും.

നാം യേശുവിനെ സ്നേഹിക്കുക മാത്രമല്ല യേശുവുമായിട്ടുള്ള കൂട്ടായ്മയിൽ കഴിയുക. നമുക്ക് യേശുവുമായുള്ള നല്ലൊരു ബന്ധത്തിലായിരിക്കാം. യേശു നമ്മോടു പറയുന്നതുപോലെ തന്നെ ദൈവത്തെ നാം അനുസരിക്കേണം എങ്കിൽ ദൈവത്തിൽ നിന്നു അനവധി നന്മകൾ അനുഗ്രഹങ്ങൾ നമുക്ക് പ്രാപിക്കുവാൻ കഴിയും. ദൈവത്തിലുള്ള നിങ്ങളുടെ ആശ്രയം അവിടുന്ന് ആയിരിക്കട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

സകല നാമത്തിലും മേലായ നാമം

“ അവൾ ഒരു മകനെ പ്രസവിക്കും. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവനു യേശു എന്ന് പേർ ഇടേണം എന്നു പറഞ്ഞു ” (മത്താ. 1:21).

നമ്മുടെ കർത്താവായ യേശുക്രിസ്തവിന്റെ ഇഹലോക ജീവിത കാലഘട്ടത്തിൽ അവിടുത്തെ അനുഗ്രഹിക്കപ്പെട്ട നാമത്തിന്റെ അർത്ഥം വെളിപ്പെടുത്തിയിരിക്കുന്നു. അവിടുത്തെ മുഴുവൻ ജീവിതവും ആ ശ്രേഷ്ഠനാമത്തിന്റെ ഒരു പ്രദർശത്തിനുവേണ്ടിയായിരുന്നു. അവിടുത്തെ അധരങ്ങളിൽ നിന്നു പുറത്തേയ്ക്കു ഒഴുകിയ സകല കൃപയുടെ വചനങ്ങളും വെളിപ്പെടുത്തിയത്, സ്നേഹനിർവ്യതമായ അവിടുത്തെ സകല അത്ഭുതങ്ങളും അതുപോലെ സൗഖ്യങ്ങളും അശരണർക്കും അടിച്ചമർത്തപ്പെട്ടവർക്കും വേണ്ടി പ്രവർത്തിച്ചു. ഒന്നാമത്തെ പ്രസംഗത്തിൽ നിന്നു തന്നേ നസ്രേത്തിൽ വച്ച് സംസാരിച്ചതു തന്നെ, ആ ആദ്യ വചനത്തിൽ നിന്നു തന്നേ കളങ്കപ്പെട്ടതും അതുപോലെ നഷ്ടപ്പെട്ടതിനോടുമുള്ള ബന്ധത്തിൽ സംസാരിക്കപ്പെട്ടതിൽ നിന്നു തന്നേ, രാജകീയ വാഗ്ദത്തങ്ങൾ ഉണ്ടായിരുന്ന ക്ഷമിക്കുന്നതിന്റെയും അതുപോലെ കൈക്കൊള്ളുന്നതിന്റെയും ഏതാണോ ആ മരകുരിശിൽ അവിടുന്ന് ദാനം ചെയ്തതു മാനസാന്തരപ്പെടുന്ന പാപിയെ അവിടുത്തെ വലതുഭാഗത്ത് ഇരിക്കുന്നതിനു വേണ്ടി ബേത്‌ലഹേമിൽ നിന്നു ഗോൽഗോഥാ മലമുകളിലേയ്ക്കു യോർദ്ദാൻ നദിയിൽ വച്ച് ഉള്ള അവിടുത്തെ സ്നാനത്തിലും ഗത്ശമേന തോട്ടത്തിൽ വെച്ച് ഉള്ള അവിടുത്തെ യാതന നിമിഷങ്ങളിലും സകല അവിടുത്തെ വാക്കുകളും അതുപോലെ പ്രവർത്തികളും പ്രഖ്യാപിച്ചത് അവിടുത്തെ നാമം യേശു എന്നു തന്നേയാണ്. “ ഇവൻ പാപികളെ കൈക്കൊണ്ടും അവരോടുകൂടി ഭക്ഷിക്കുന്നു ” (ലൂക്കോ. 15:2). എന്നിട്ടും ക്രൂശിൽ തന്നേയാണ് അത് യേശു എന്ന പേര് പ്രകാശിച്ചതും അതിന്റെ സകല മനോഹാരിതയിലും, ശക്തിയിലും, അതുപോലെ മഹത്വത്തിലും അതുപോലെ തന്നേ അവിടുത്തെ മരണത്തിൽ കൂടി തന്നെയാണ് അവിടുന്ന് കരസ്ഥമാക്കിയത് സകല അംഗീകാരവും സകല നാമത്തിലും ശ്രേഷ്ഠമായത് എന്ന് അതുകൊണ്ടാണ് അപ്പോസ്തലനായ പൗലൊസ് നമ്മെ പഠിപ്പിക്കുന്നത് എന്തുകൊണ്ടെന്നാൽ ദൈവപുത്രൻ (അവിടുത്തെ അവതാര ജീവിതത്തിൽ) “ മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരത്തോളം തന്നേ, അനുസരണമുള്ളവനായി തീർന്നു. അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവു എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും ചെയ്യേണ്ടി വരും ” (ഫിലി. 2:8-11). വിശുദ്ധന്മാരും ദൂതൻമാരും യേശിവിനെ ആരാധിക്കുമ്പോൾ, അവർ കാണുന്നു അതുപോലെ ആരാധിക്കുന്നു ആദ്യവും അന്ത്യവും ആയവനെ, അവനാൽ അത് ജീവിക്കുന്നു മരിച്ചതായിരുന്നത്; അത് കുഞ്ഞാടു അറുക്കപ്പെട്ടു. യേശു ക്രൂശിക്കപ്പെട്ടു യേശു തന്നെ ആകുന്നു. ❖

(2-ാം പേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ ക്രൂശ്

പോലുള്ള തെളിവ് വേറെ എവിടെ നിന്നും ലഭിക്കുകയില്ല. മനസ്സാക്ഷി വ്രണത്തിന്റെ സത്യത്തിനായിട്ടു ഒരു ഔഷധവും ഞാൻ കാണുന്നില്ല, അതുപോലെ കുഴപ്പം നിറഞ്ഞ ഒരു ഹൃദയത്തിനും ശപിക്കപ്പെട്ട ആ മരകുരിശിൽ എനിക്കു വേണ്ടി പിടഞ്ഞു മരിക്കുന്ന യേശുവിന്റെ ആ കാഴ്ച പോലുള്ളതു ഒന്ന്.

എന്റെ സകല ബാധ്യതകൾക്കുവേണ്ടിയുള്ള പൂർണ്ണമായ വില (തുക) നല്കിയിരിക്കുന്നതായിട്ടാണ് ഞാൻ അവിടെ ദർശിക്കുന്നത്. ശാപ നിയമത്തെ ഞാൻ ഒടിച്ചു തകർത്തത് അതിന് പകരമായിട്ട് എനിക്കായിട്ട് ഒരേ ഒരുവനാലുള്ള കഷ്ടതകളാൽ നിറവേറ്റപ്പെട്ടു. ആ നിയമത്തിന്റെ സകല ആവശ്യങ്ങളും ഇ പ്പോൾ പൂർത്തീകരിക്കപ്പെട്ടരിക്കുകയാണ്. എനിക്ക് വേണ്ടി ആ ബാധ്യതകൾ എല്ലാം ഒടുക്കി തീർത്തിരിക്കുകയാണ്. അതേ അങ്ങേയറ്റം ആഴത്തിലും നിസ്സാരമായ വസ്തുവിനു ആയിട്ട്. ഇത്

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കോ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കോ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ ക്രൂശ്

ഇനിയും ഒരിക്കൽ കൂടി ആവശ്യം ആയിട്ട് വരുന്നില്ല. ആഹാ! ക്ഷമിക്കുവാൻ എനിക്ക് സാധിക്കുന്നില്ലയെന്ന് ഞാൻ ചിന്തിക്കാറുണ്ട്. രക്ഷിക്കപ്പെടുവാൻ യാതൊരു അർഹതയും യോഗ്യതയും ഇല്ലാത്ത ഒരു വ്യക്തയാണ് ഞാൻ എന്ന്. എന്റെ ഹൃദയം എന്നിൽ പലപ്പോഴും പൊറുക്കാറുണ്ട്. എന്നാൽ എനിക്ക് അറിയാം എന്റെ ശ്രേഷ്ഠമായ നിമിഷങ്ങളിൽ ഇതെല്ലാം എന്റെ മണ്ടത്തരങ്ങളായ അവിശ്വാസങ്ങളാണെന്ന്. എന്റെ സകല സംശയത്തിനും പരിഹാരമായിട്ട് ഞാൻ വായിക്കാറുണ്ട് കാൽ വറിയിൽ ചൊരിയപ്പെട്ട ആ പരിശുദ്ധമായ രക്തത്തെക്കുറിച്ച് ഞാൻ വളരെ ശക്തമായിട്ടു ചിന്തിക്കുക. സകല ദുർമാർഗികളായ മനുഷ്യരുടെയും സ്വർഗ്ഗത്തിലേയ്ക്കു വഴിയായിട്ട് ഞാൻ ആ ക്രൂശിനെ ഒന്നു നോക്കുമ്പോൾ.

വിശുദ്ധ ജീവിതത്തിനായിട്ടുള്ള പ്രേരകം

ഒരു വിശുദ്ധ മനുഷ്യനായിട്ട് ഞാൻ ജീവീക്കേണ്ടതിന് വളരെ കടുത്ത കാരണങ്ങൾ ഞാൻ കണ്ടെത്തിയിരിക്കുന്നുവോ? അതിനായിട്ട് ഞാൻ ഒന്നു തിരിയേണ്ടിയിരിക്കുന്നുവോ? പത്ത് കല്പനകൾ കേവലം ഞാൻ ശ്രദ്ധിച്ചാൽ മതിയാകുമോ? തിരുവചനത്തിൽ എനിക്ക് തന്നിരിക്കുന്ന ഉദാഹരണങ്ങൾ ഞാൻ പഠിക്കേണ്ടിയിരിക്കുന്നുവോ? കൃപയ്ക്ക് എന്താണ് പ്രവർത്തിക്കുവാൻ കഴിയുന്നതെന്ന്? സ്വർഗ്ഗത്തിലെ പ്രതിഫലത്തിനായിട്ടു ഞാൻ ധ്യാനിക്കേണ്ടയിരിക്കുന്നുവോ? അതുപോലെ തന്നെ നരകത്തിന്റെ ശിക്ഷാവിധിയെ കുറിച്ച് അധികം ശക്തമായ ഏതെങ്കിലും ഇനിയും പ്രേരകമായതു ഉണ്ടാകുന്നുവോ? അതേ! ക്രിസ്തുവിന്റെ ക്രൂശിലേക്ക് ഞാൻ നോക്കും.

അവിടെയാണ് ഞാൻ കാണുന്നത് ക്രിസ്തുവിന്റെ സ്നേഹം എന്നെ നിർബ്ബന്ധിക്കുന്നത്. എനിക്കായിട്ട് ജീവക്കാതെ, പ്രത്യുത അവിടുത്തെയ്ക്കായിട്ട്. അവിടെയാണ് ഞാൻ ദർശിക്കുന്നത്. ഞാൻ ഇപ്പോൾ എന്റെതല്ലായെന്ന്. ഞാൻ ഒരു വിലകൊടുത്തു വാങ്ങപ്പെട്ടവനാണ്. അവിടുത്തെതായിട്ടു എന്നിലുള്ള ആത്മാവു കൊണ്ടും അതുപോലെ ശരീരവും ഞാൻ യേശുവിനെ മഹത്വപ്പെടുത്തുന്നതിനായിട്ട് വളരെ ആശീർവദിക്കപ്പെട്ട ഒരു കടപ്പാടിനാൽ ബന്ധിതനാണ്. അവിടെ ഞാൻ കാണുകയാണ്. യേശു അവിടുന്ന് പൂർണ്ണമായിട്ടു ആ ദീവ്യത്തെ അവിടുന്ന് നല്കിയിരിക്കുകയാണ് എന്റെ സകല അകൃത്യങ്ങളിൽ നിന്നും എന്നെ മോചിതനാക്കുവാൻ, എന്നെ ശുദ്ധീകരിക്കേണ്ടതിനായിട്ടും, അതുപോലെ എന്നെ ഒരു പ്രത്യേക ജനം ആയിട്ടു തീർക്കുന്നതിനായിട്ടും നാം പ്രവർത്തിക്കുന്നതിനുള്ള ഉത്സാഹത്തോടുകൂടെ. ആ മരത്തിൽ അവിടുത്തെ ശരീരത്തിൽ എന്റെ സകല പാപങ്ങളും അവിടുന്നു വഹിച്ചു, ഞാൻ പാപത്തിൽ മരിക്കേണ്ടതിനായിട്ട് തീർച്ചയായിട്ടും നീതീകരണത്തിൽ ജീവിക്കേണ്ടിയിരിക്കുന്നു. ആഹാ! വായനക്കാരാ ക്രിസ്തുവിന്റെ ക്രൂശിനെക്കാൾ ശുദ്ധീകരണത്തിനുള്ള വ്യക്തമായ ദൃശ്യം വേറെയാതൊന്നും ഇല്ല. ഇത് ലോകത്തെ നമ്മിലേക്കു ക്രൂശിക്കപ്പെടുത്തുന്നു. അതുപോലെ തന്നേ, നാം ലോകത്തിലേയ്ക്കും നമ്മുടെ പാപത്തിനായിട്ടു യേശു മരിച്ചിരിക്കുന്നു എന്നു ഞാൻ സ്മരിക്കുമ്പോൾ എപ്രകാരം ആണ് പാപത്തെ നമുക്ക് സ്നേഹിക്കുവാൻ സാധിക്കുന്നത്? ഒരു ക്രൂശിക്കപ്പെട്ട കർത്താവിനുവേണ്ടി അവിടുത്തെ ശിഷ്യഗണങ്ങൾ ആയി തീർന്നതുപോലെ തീർച്ചയായിട്ടും വേറൊരുവനും സാധ്യമല്ല. ഇത്ര വിശുദ്ധമായത് പ്രവർത്തിക്കുവാൻ.

അലംഭാവം (സംതൃപ്തിയുടെ) കാരണം

ജീവിതത്തിന്റെ സകല ആവശ്യങ്ങളുടെയും ആകാംഷാഭരിതമായ അവസ്ഥയിലും എപ്രകാരം ആണ് എനിക്ക് വളരെ സംതൃപ്തിയോടുകൂടി ആയിരിക്കുവാൻ സാധിക്കുന്നതെന്ന് ഞാൻ പഠിക്കേണ്ടിയിരിക്കുന്നുവോ? ഏത് വിദ്യാലയത്തിലേയ്ക്കാണ് ഇതിനായിട്ട് ഞാൻ പോകേണ്ടിയിരിക്കുന്നത്? വളരെ ലളിതമായ രീതിയിൽ എന്റെ മനസ്സിൽ ഈ ഒരു അവസ്ഥ എങ്ങനെയാണ് എനിക്ക് നേടിയെടുക്കുവാൻ സാധിക്കുന്നത്? ദൈവത്തിന്റെ പരമാധികാരത്തിലേക്ക് ഞാൻ നോക്കേണ്ടിയിരിക്കുന്നുവോ, ദൈവത്തിന്റെ ജ്ഞാനത്തിലേയ്ക്ക് ദൈവത്തിന്റെ കലവറയിലേക്കു ദൈവസ്നേഹത്തിലേക്ക്? അങ്ങനെ പ്രവർത്തിക്കുന്നത് ഏറെ മെച്ചം. എന്നാൽ ഇപ്പോഴും എനിക്ക് ശ്രേഷ്ടമായ വാദഗതികൾ ഉണ്ട്. ഞാൻ ക്രിസ്തുവിന്റെ ക്രൂശിലേക്കു നോക്കും.

എനിക്കു അനുഭവപ്പെടുന്നത് അവിടുന്ന് അവിടുത്തെ ഏകജാതനായ പുത്രനെ മാത്രമല്ല ദാനം ചെയ്തത്, പ്രത്യുത എനിക്കായിട്ട് മരിക്കുവാനും ഏല്പിച്ചു കൊടുത്തു, അവങ്കൽ നിന്നും സകലതും വാ സ്തവത്തിൽ എനിക്ക് ആവശ്യം ആയിരിക്കുന്നതെല്ലാം നല്കി തരുന്നതിനായിട്ട്. എന്റെ ആത്മാവിനുവേണ്ടിയാണ് അവിടുന്ന് സകല വേദനയും സഹിച്ചത്, എന്നിൽ നിന്ന് യാതൊരു നന്മയും കണ്ടില്ല. അവിടുന്നു അവിടുത്തെ സ്വന്തരക്തത്താൽ എന്നെ കരസ്ഥമാക്കിയിരിക്കുകയാണ്. സ്വർഗ്ഗത്തിൽ ഒരു ഭവനത്തിനായിട്ടു, ചോദ്യം കൂടാതെ എനിക്ക് ദാനം നല്കിയിരിക്കുകയാണ്. ലോകത്തിൽ കൂടിയുള്ള എന്റെ യാത്ര യ്ക്കു വാസ്തവമായിട്ടു പ്രയോജനകരമായതെല്ലാം. ആഹാ! വായനക്കാരാ, അവിടെ ഒരു വിദ്യാലയവും ഇല്ല പഠനത്തിനായിട്ടു സംതൃപ്തിയെക്കുറിച്ച് അത് ക്രൂശിന്റെ പാദത്തിങ്കൽ വെച്ച് ഒരു താരതമ്യം നടത്തുമ്പോൾ.

അങ്ങനെ ഇപ്പോൾ, വായനക്കാരാ സകല ക്രിസ്ത്യാനികളും ക്രൂശിനെ മഹത്വപ്പെടുത്തേണം എന്ന് പറഞ്ഞതു കേട്ട് താങ്കൾ അത്ഭുതപ്പെടുന്നുവോ? താങ്കൾ അധികം പരിഭ്രാന്തനാകുകയില്ലേ. ഏതെങ്കിലും ഒരു വ്യക്തി ക്രൂശിനെക്കുറിച്ച് ശ്രവിക്കുമ്പോൾ ചലനം കൂടാതെ അതേ അവസ്ഥയിൽ തന്നേ അങ്ങ് നില്ക്കുമോ?

❖

ക്രൂശിക്കപ്പെട്ടവനായ യേശുവിനെ അറിയുക

" ക്രൂശിക്കപ്പെട്ടവനായ യേശു ക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു " (1കൊരി. 2:2)

യേശുക്രിസ്തു ക്രൂശിക്കപ്പെട്ടിരിക്കുകയാണ് നമ്മുടെ ജ്ഞാനത്തിന്റെയും അതുപോലെ അനുഭവത്തിന്റെയും ആകെ തുകയായത്, പ്രസംഗിക്കുന്നതിന്റെയും അതുപോലെ അനുഭവങ്ങളുടെയും ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അറിയുക. അറിവിന്റെ ഏറ്റവും കുറഞ്ഞ അളവിൽ നിന്നുമല്ല പ്രത്യുത അറിവിന്റെ പരമാവധി ഉയർന്ന അളവിൽ നിന്നു ക്രൂശിക്കപ്പെട്ട യേശുവിനെ അറിയുക അത് എളിയ രീതിയിൽ ഉള്ള അറിവിനെ കുറിച്ചല്ല, പ്രത്യുത സകലത്തേയും കുറിച്ചുള്ള സമ്പൂർണ്ണ അറിവിനെയാണ്; ഇതിൽ ക്രൂശിക്കപ്പെട്ട യേശു സകല ഉപദേശങ്ങളും, സകല ദൈവീകപഠിപ്പിക്കലുകളും, അതുപോലെ മനുഷ്യന്റെ സകല അനുഭവങ്ങളുടേയും ഉത്തുംഗശൃംഖലയായതിൽ നിന്ന് യേശുക്രിസ്തു ക്രൂശിക്കപ്പെട്ടു. സകല കർത്തവ്യങ്ങളും, സകല പ്രവർത്തികളും സകല ശുശ്രൂഷകളും ബഹിർഗമിക്കുന്നതുപോലെ വികസിക്കുന്നതും ആകുന്നു. ഇവിടെയാണ് മറയ്ക്കപ്പെട്ടിരിക്കുന്നത്, പരിപൂർണ്ണമായ ദൈവജ്ഞാനവും. ഒരു ഉപദേശങ്ങളും വ്യക്തമായിട്ടു കാണപ്പെടുന്നില്ല. അതുപോലെ ശരിയാകുന്നുമില്ല. ഇതെല്ലാം ക്രൂശിലേക്കു നയിക്കപ്പെടുന്നില്ലെങ്കിൽ യാതൊരു പ്രവൃത്തിയും ദൈവപ്രസാദം ആകുന്നില്ല, ഒരു അനുഭവവും അല്ലെങ്കിൽ സചേതനവും നേട്ടങ്ങളും അതിന് ഈ ഒരു ഉറവിടം ഇല്ലെങ്കിൽ വേരും അതുപോലെ ബലവും ക്രൂശിൽ; രണ്ടാമത്തെ വരവിനു വേണ്ടിയുളള കാത്തിരിപ്പ് ആരോഗ്യപരവും ശുദ്ധീകരിക്കുന്നതും ഇല്ല. ശ്രേഷ്ഠനായ ദൈവവും രക്ഷകനുമായവന്റെ ധ്യാനത്തിലേക്കു വിളിച്ചു കൂട്ടുന്നില്ലെങ്കിൽ ആരാണോ തന്നെ തന്നെ നമുക്കായിട്ടി നല്കിയത്, സകല അകൃത്യങ്ങളിൽ നിന്നും നമ്മെ വിമോചിപ്പിച്ചത് ❖

ക്രൂശിന്റെ നേട്ടം: " ഞാനല്ല എന്നാൽ ക്രിസ്തു "

By J.Gregory Mantle

വീണ്ടും ജനനം പ്രാപിച്ച സകല ആത്മാക്കളെയും പരിശുദ്ധാത്മാവു നടത്തുന്നതിന്റെ വളരെ പരമമായ ലക്ഷ്യം എന്നത് അത് അതി ശക്തിയോടെ അപ്പോസ്തലനായ പൗലൊസ് പറയുകയാണ് സുപരിചിതമായ വചനങ്ങളാൽ, എനിക്കു അല്ല, എന്നാൽ ക്രിസ്തു അത്രേ. മനുഷ്യനായവൻ ഞാൻ അതിൽ പൂർണ്ണനാകുന്നില്ല. ഏതെങ്കിലും തരത്തിലുള്ള ചിലത് അവനിൽ സംജാതമാകുന്നില്ലെങ്കിൽ മനുഷ്യന് ഞാൻ അത് മരണത്തിനായിട്ടുള്ളതിൽ നിന്നു മോചിക്കപ്പെട്ടിരിക്കുകയാണ് പരിശുദ്ധാത്മാവിനാൽ, ക്രിസ്തു ആ സ്ഥാനം എടുത്തിരിക്കുകയാണ്. ഞാൻ പകരമായിട്ടു അതുപോലെ മരണത്തിന്മേൽ വിജയം കൈവരിച്ച് വിജയശ്രീലാളിതനായി ഇന്നു വാഴുന്നു. അവിടുത്തെ മഹത്വകരമായ സിംഹാസനത്തിൽ സകല ഭരണകൂടവും അവിടുത്തെ ചുമലിൽ ആണ് ഇപ്പോൾ.

അവിടെ ഇപ്പോൾ ഇനിയും ചോദ്യശരങ്ങൾക്കു യാതൊരു പ്രസക്തിയും ഈ ഒരു വിഷയത്തിനോടനുബന്ധിച്ച് ഒരു കൂടിച്ചേരലിനു ആവശ്യം ഉണ്ടാകുന്നില്ല. ഇത് എങ്ങനെയാണ് സാധ്യമാകുന്നത്. മറ്റുള്ളവർ നമ്മുടെ ചുറ്റിൽ ആയിരിക്കുന്ന ഈ കാലഘട്ടത്തിൽ നാം ജീവിക്കുന്നത് അവർക്ക് കാണാൻ കഴിയുന്നത് ഞാനല്ല എന്നിൽ ക്രിസ്തുവിനെയത്രേ. നാം ശക്തമായിട്ട് വിശ്വസിച്ചിരിക്കുന്നു. പൗലൊസ് നല്കുന്ന വചനത്തിൽ അതിന്റെ മറുപടിയായിട്ട് വയ്ക്കുക. ക്രിസ്തുവിൽ

ഇഗ്നേഷ്യസ് ആശ്ചര്യപ്പെട്ടപ്പോൾ: എന്റെ സ്നേഹത്തെ ക്രൂശീകരിച്ചിരിക്കുന്നു. അദ്ദേഹം അർത്ഥം ആക്കിയത് അദ്ദേഹത്തിന്റെ സ്വാഭാവികമായ ആ പ്രകൃതിയെയാണ്, ദൈവീകമായ സ്നേഹത്തെ സകല അഭിലാഷങ്ങളും ഇച്ഛകളുടെയും ഭാഗമായിരിക്കുന്നതിനെ കുറിച്ചുള്ളത് ക്രൂശിൽ അതെല്ലാം അങ്ങു തൂക്കി ഇട്ടു. പകരം അതാണ് അദ്ദേഹം അവകാശപ്പെടുന്നതും അതുപോലെ കരസ്ഥമാക്കിയതും ഒരു സ്വർഗ്ഗീയമായതും അമർത്യമായ സ്നേഹവും. എന്നാൽ എന്താണ് ദൈവമക്കളുടെ ഇടയിൽ ഇന്ന് ഈ നിലവാരത്തിലുള്ള സ്നേഹത്തിന്റെ ദൗർലഭ്യം ഉണ്ടാകുന്നത്. എന്തുകൊണ്ടാണ് ശരിയായ ശിഷ്യനെ വളരെ അപൂർവ്വം ആയിട്ട് കാണേണ്ടി വരുന്നത്? ഇത് അതുകൊണ്ടായിരിക്കാം എന്തുകൊണ്ടെന്നാൽ ദൈവമക്കൾ ഇതുവരേയും അഭ്യസിച്ചിട്ടില്ല ആ പഴയ സ്നേഹത്തെ കെടുത്തികളയുന്നതിനു ഏതാണോ അതിന്റെ വ്യാപ്തിയിൽ തന്നേ നിയന്ത്രണം ഇട്ടിരുന്നത് പ്രദർശിപ്പിക്കുന്നതിന്റെ ശക്തിയെയും അതുപോലെ വളരെ ലളിതമായിട്ടു അതിനെയെല്ലാം യേശുവിന്റെ സ്നേഹത്തിൽ ഒന്നു വയ്ക്കുകയും ആ ഒരു ദീപം തെളിയുകയും ചെയ്യട്ടെ ഏതാണോ ഒരിക്കലും ഒരു പ്രകോപനമായി തീരാത്തതും, തിന്മയെ ചിന്തിക്കാത്തത്, സകലതും വഹിക്കുന്നത്, സകലതും വിശ്വസിക്കുന്നത്, സകലവും പ്രതീക്ഷിക്കുന്നത് സകലവും സഹിക്കുന്നത്, ഏതാണോ ഒരിക്കലും പരാജയപ്പെടാത്തത്?

അതെല്ലാം പ്രാപഞ്ചികമായിട്ട് മരിക്കുന്നുവോ? ടൗലർ പറയുന്നു, ബഹിർമഗിക്കുന്നതും അതുപോലെ അകത്തേയ്ക്കു വരുന്നതുമെല്ലാം അവന്റെ ജീവിതത്തിലേക്കു അത് ദൈവീകമായ സ്നേഹമാണ്. മനുഷ്യ.ർ ആരൊക്കെയും അവരുടെ ജഡത്തെ മരിപ്പിക്കുന്നില്ല. അവർ പലപ്പോഴും അവരെല്ലാം പ്രകൃതിയിലെ സ്നേഹത്തിനു വിധേയപ്പെട്ടിരിക്കുകയാണ്, കരുണകൊണ്ടാണ് ഇങ്ങനെ സംഭവിക്കപ്പെട്ടിരിക്കുന്നതെന്നാണ് അവർ ചിന്തിക്കുന്നത്, അതുപോലെ എപ്പോൾ ആണ് അവർ അതിനെ കുറ്റപ്പെടുത്തുമ്പോൾ, അവർ ആകെ കുഴപ്പത്തിലാകുകയും കോപിഷ്ഠരാകുകയും ചെയ്യുന്നു. ഇത് തീർച്ചയായിട്ടു പറയുന്നു. അവരുടെ സ്നേഹം അത് പ്രകൃത്യാ ഉള്ളതാണെന്ന്. ദൈവീകമായ സ്നേഹം ആകട്ടെ അങ്ങ് സകലതും സഹിക്കുകയും ക്ഷമയോടെ എല്ലാ സമയവും ആയിതീരുകയും ചെയ്യുന്നു. ഇത് ഇതിനാൽ തന്നേ വെറുക്കപ്പെട്ടിരിക്കുകയാണ്, എന്നാൽ ഇത് ആരേയും വിദ്വേഷിക്കുകയോ അതുപോലെ തന്നേ ഗുണകരവും ഫലവത്തുമായ നിർമ്മാണം നടത്തുന്നു എല്ലാ കാര്യാദികളിലും. മനുഷ്യൻ അവരുടെ ജഢത്തെ കൊല്ലുന്നില്ലെങ്കിൽ അതൊക്കെയും വലിയ കോപം വരുത്തുന്നതും ആയിരിക്കും, അവരുടെ സമാധാനത്തിനു പ്രശ്നമാകുന്നു പരസ്പര വിരുദ്ധവും അതുപോലെ ശ്രദ്ധയെ വ്യതിചലിപ്പിക്കുന്നതുമായതു സംഭവിക്കുമ്പോൾ.

പരാജയപ്പെടാത്ത സ്നേഹത്തെ കരസ്ഥമാക്കുന്നതിനുള്ള രഹസ്യം അവകാശപ്പെടുന്നത് പൂർത്തീകരണത്തെയാണ്, നിമിഷന്തോറും ക്രിസ്തുവിന്റെ സ്വന്ത ആഗ്രഹത്താൽ, " നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും ഞാൻ അവരിൽ ആകുവാനും ഞാൻ നിന്റെ നാമം അവർക്കു വെളിപ്പെടുത്തിയിരിക്കുന്നു " (യോഹ. 17:26). യേശുവീന്റെ സ്നേഹവും ദൈവീകമായ സ്നേഹവും ഒരുമിച്ച് കൂടികലർന്ന് ഒന്നാകുകയും ആണ് ഇവിടെ സംഭവിക്കപ്പെട്ടിരിക്കുന്നത്, അതുപോലെതന്നേ വിഭജിക്കുവാൻ സാധ്യമല്ലാത്തതുമാണ്.

സ്വാഭാവിക സ്നേഹത്തിനെയും ദൈവീകമായ സ്നേഹത്തെയും കുറിച്ച് എന്താണ് പറഞ്ഞിരിക്കുന്നത് അത് അംഗീകരിക്കുമ്പോൾ മനുഷ്യർക്കു അതുപോലെ ദൈവീകമായ ക്ഷമയ്ക്കും എത്രയോ തവണയാണ് മനുഷ്യൻ പെട്ടെന്ന് തന്നേ അവനെ നിരാശാജനകവും അതുപോലെ കുറ്റപ്പെടുത്തുകയുമാണ്. അതുപോലെ തന്നേ എപ്രകാരമാണ് ഇത് അവിടെ പ്രതിഫലിക്കുന്നത്. അവന്റെ ചുറ്റുമുള്ളവരുടെ ജീവിതങ്ങളിലും യേശുവിന്റെ ക്ഷമയെ ശരിയായിട്ടു കാര്യക്ഷമമായിട്ട് സമയത്തിനും അനുസൃതമായിട്ട് പ്രയോജനപ്പെടുത്തുവാൻ അവന് അറിയുന്നില്ലെങ്കിൽ. കുറെ മിനിറ്റുകൾ ഒരു ഭക്ഷണം താമസിച്ചുപോയെങ്കിലോ, അല്ലെങ്കിൽ ആരെങ്കിലും ബോധപൂർവ്വം തടസ്സപ്പെടുത്തുകയോ ചെയ്യുന്നുവെങ്കിൽ അതു ഒരു നിയമനത്തെ ക്രമീകരിക്കുന്നതിലോ അല്ലെങ്കിൽ ആരുടെയെങ്കിലും രക്ഷയ്ക്കായിട്ടുള്ളത് പതിവല്ലാത്ത നിലയിൽ തലതിരിഞ്ഞതോ ആയിതീർന്നുവെങ്കിൽ, അങ്ങനെയെങ്കിൽ മനുഷ്യന്റെ ക്ഷമ വളരെ വേഗത്തിൽ ക്ഷീണിപ്പിച്ചു കളയുകയാണ് ചെയ്യുന്നത്. ഇതു തന്നേയാണ് എന്നേയ്ക്കുമായിട്ടു ഉള്ള നഷ്ടവും അതുപോലെ വേദനയും ആയിതീരുന്നത്. ഒരു വ്യക്തിയ്ക്കല്ല പ്രത്യുത അനേകം വ്യക്തികൾക്ക്, എന്തുകൊണ്ടെന്നാൽ, നാം നിർദ്ദേശിച്ചതുപോലെ അക്ഷമനായ ആത്മാവിന് ഏകനായിട്ട് ഒരിക്കലും കഷ്ടപ്പെടുവാൻ സാധ്യമല്ല.

ഒരു ആത്മാവിന്റെ അസഹിഷ്ണതയെ കുറിച്ചുള്ള വെളിപ്പാടിന്റെ പ്രദർശനമാകുന്നില്ലയോ ഇപ്പോഴും മനുഷ്യനു ചുറ്റും വട്ടംകറങ്ങികൊണ്ടിരിക്കുന്നത്. എന്നാൽ അവിടെ അതാ ഒരു പരിഹാരവും പരാജയപ്പെടുത്താനാവാത്ത മരണത്തിന്റെ അവകാശവാദം തന്നേ, അതുപോലെ ഒരു കുഞ്ഞിനെപോലെ ദിനന്തോറും യേശു ക്രിസ്തുവിന്റെ ക്ഷമയുടെ

(ശേഷം 6-ാം പേജിൽ)

(5-ാം പേജിന്റെ തുടർച്ച)

ക്രൂശിന്റെ നേട്ടം:
ഞാനല്ല എന്നാൽ ക്രിസ്തു

മുമ്പാകെ വയ്ക്കുക. ദൈവ ഇഷ്ടത്തിന്റെ കേന്ദ്രത്തിൽ തന്നേ സ്ഥിരമായിട്ട് നിലനിൽക്കുന്നുവെങ്കിൽ നമ്മുടെ ക്ഷമയെ യാതൊരു വിധത്തിലും പരിശോധിക്കുവാൻ സാധ്യമല്ല. പ്രത്യുത അവിടുത്തെ കല്പനയാലും അല്ലെങ്കിൽ അനുവാദത്തിലും എപ്പോഴെങ്കിലും ആരെങ്കിലും വൈകുകയോ അല്ലെങ്കിൽ ഒരു കുറിപ്പ് എവിടെയെങ്കിലും പോകുകയോ നമുക്ക് അവസരമുണ്ട് അതിനെ വെളിപ്പെടുത്തുവാൻ കഴിയും. നമ്മുടെ ക്ഷമ അതു സൃഷ്ടിപരമാണെങ്കിലോ അല്ല ദൈവീകമോ ആയിട്ടു അത് പഴയ മനുഷ്യന്റെയോ അല്ലെങ്കിൽ പുതു മനുഷ്യന്റെയോ എന്നുള്ളത്.

ക്രിസ്തുവിൽ വയ്ക്കുക.

പഴയ നിയമത്തിലും അതു പോലെ പുതിയ നിയമത്തിലും ഒരുപോലെ പതിവായിട്ട് രേഖപ്പെടുത്തിയിരിക്കുകയാണ് (യെശ. 61:10; സങ്കീ. 132:16; സെഖ.3:1-5; റോമർ 13:14; എഫെ. 4:22-24; കൊലൊ. 3:8-14; വെളി. 19:8).

ഇത് നാം ധാരാളമായിട്ട് ചെയ്യുന്ന ഓർമ്മപ്പെടുത്തലുകളല്ല. ക്രിസ്തുവിൽ അത് നമ്മുടെ നിർജ്ജീവം മാറ്റുക സ്വയത്തെ ഉഗ്രപീഢകനെ സ്ഥലം മാറ്റുവാൻ ഒന്നിനും സാധ്യമല്ല. സകലത്തേയും മത്സരിച്ച് തോല്പിച്ച യേശുവിനു മാത്രം. " ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കുവേണ്ടി മരിച്ചു ഉയിർത്തവനായിട്ടു തന്നേ ജീവിക്കേണ്ടതിനു അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നു ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു" (2കൊരി. 5:15).

നാം നമ്മുടെ പഴയതിനെ പുറത്ത് കളയുക തന്നേ വേണം എന്നാണ്. നാം ധരിക്കേണം ക്രിസ്തുവിനെ എന്നിട്ട് പുറത്ത് കളയണം നമ്മുടെ സ്വയത്തെ. അവന്റെ വിശുദ്ധീകരണത്തിനായിട്ടു അതുപോലെ നീതീകരണത്തിനായിട്ടു നമ്മുടെ സകലതിലും വേർപ്പാട് അനുഷ്ഠിക്കേണ്ടിയിരിക്കുന്നു. നാം അവിടുത്തെ മാന്യത നിറഞ്ഞ സ്വഭാവം, അവിടുത്തെ അദൃശ്യമായ സത്യസന്ധത; അവിടുത്തെ പാപത്തോടുള്ള വെറുപ്പ്, പശ്ചാത്തപിക്കുന്നവനോടുള്ള അവിടുത്തെ ആർദ്രത; മറ്റുള്ളവരുടെ നീതീകരണത്തിലുള്ള അവിടുത്തെ ആ സന്തോഷം, അവരുടെ ബലഹീനതകളിൽ കാട്ടുന്ന അവിടുത്തെ സഹതാപവും, അവിടുത്തെ സകല പീഢനങ്ങളിലും താൻ സ്വയം അവിടുന്നു സഹിച്ച അവിടുത്തെ ആ സമർപ്പണം, മറ്റുള്ളവരുടെ കഷ്ടതകളിൽ അവരോടുള്ള ആ സഹതാപം, ലളിതവും, സമ്പന്നതയോടും ആദരവുകളോടും അവിടുന്നു ഉള്ള വേർപാട്, മനുഷ്യരുടെ സകല പാപങ്ങളിലും നിന്നു അതുപോലെ അവരുടെ സകല ദു:ഖങ്ങളിലും നിന്നു വിമോചിപ്പിക്കുന്നതിനു അവിടുന്നു കാണിച്ച ആ തീവ്രമായ ആഗ്രഹം.

നാം അവിടുന്നുള്ള പൂർണ്ണ വിശ്വാസം പിതാവിലുള്ള അതുനമ്മുടെതായിട്ട് സൃഷ്ടിച്ചുകൊണ്ടും, പിതാവിന്റെ സകല അധികാരങ്ങളോടു അവിടുന്നു പ്രദർശിപ്പിച്ച സമ്പൂർണ്ണവും നീതി പൂർവ്വവുമായ വിശ്വസ്തതയും. പിതാവിന്റെ ഹിതം നിവൃത്തിക്കുന്നതിനു അവിടുന്നു ഉണ്ടായിരുന്ന ആ സന്തോഷം പിതാവിന്റെ മഹത്വത്തിനായിട്ടുള്ള അവിടുത്തെ ഉത്സാഹം ഇതെല്ലാം നമ്മുടെ ജീവിതത്തിലേക്കു ഒന്നു പകർത്തി എടുക്കേണ്ടി ഇരിക്കുന്നു. പൂർണ്ണതയെന്ന് നാം ലക്ഷ്യം ആക്കുന്നത് അത് കേവലം ഒരു സ്വപ്നമല്ല കുറെ ഭാവനകളുടെ പ്രത്യുത പൂർണ്ണത എന്നാൽ ഏതാണോ മനുഷ്യ സ്വഭാവം വാസ്തവമായിട്ടു ക്രിസ്തുവിൽ ഉണ്ടായിരുന്നത് അതാണ്. ക്രിസ്തുവിന്റെ മനുഷ്യ പൂർണ്ണത അത് യഥാർത്ഥമായിട്ടു മനുഷ്യൻ ആയിരുന്നു, എന്നാൽ ഇത് ദൈവത്തിന്റെ ജീവചരിത്രം അത് മനുഷ്യ സ്വഭാവത്തിലേയ് ക്കുള്ള ഒരു തർജ്ജിമ ചെയ്യൽ പ്രവർത്തിയായിരുന്നു. അവിടുന്നു ഇന്നു ജീവിക്കുന്നു. എന്റെ ജീവന്റെ ഉറവ. അത് അവനിൽ ആണ്. ഇതാകുന്നു പിതാവിന്റെ നിത്യതയെ കുറിച്ചുള്ള ലക്ഷ്യവും, അത് ആ മുന്തിരിയിലുള്ള സകല ശാഖകളും സ്വീകരിക്കുകയും അതു വെളിപ്പെടുത്തുകയും ചെയ്യുന്നു. ഞാൻ തീർച്ചയായിട്ടു ക്രിസ്തുവിലുള്ള ജീവനെ സ്വീകരിക്കുക (പ്രാപിക്കുകയും) അതു വെളിപ്പെടുത്തുകയും വേണം. എപ്പോൾ, അതുകൊണ്ടു ഞാൻ പരിശ്രമിക്കുകയാണ് ക്രിസ്തുവിനെ ധരിക്കുവാൻ, അല്ലെങ്കിൽ സൃഷ്ടിച്ചെടുക്കുക എന്റെതായത് ഒന്നു ദൈവം എന്നിൽ സൃഷ്ടിച്ച പൂർണ്ണമായ ആ മനുഷ്യത്വം, ഞാൻ ഒരിക്കലും പിന്തുടരുവാൻ പരിശ്രമിക്കുന്നില്ല. ഒരു പൂർണ്ണത ഏതാണോ ആത്മാവിലും അതുപോലെ രൂപീകരിക്കുവാനും ശ്രമിക്കുന്നില്ല എന്റെ ധാർമ്മിക വികാരങ്ങളിലേതും അതു സ്വഭാവത്തിലും അല്ലാത്തതിനെ അതുപോലെ ഏതാണോ എല്ലാറ്റിലും എന്റെ ശക്തിക്കു സാധ്യമല്ലാത്തതും. ഞാൻ എന്നാൽ വളർത്തി വികസിപ്പിക്കുകയാണ് ഒരു ജീവിതം ഏതാണോ ദൈവം എന്നിൽ നല്കിയിരിക്കുന്നത്. ഞാൻ ക്രിസ്തുവിലാണെങ്കിൽ, ആത്മാവിന്റെ ബലം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത് ഏതാണോ ക്രിസ്തുവിന്റെ ജീവിതത്തിൽ ഉണ്ടായിരുന്നതുമായ ശിതീകരണവും അതുപോലെ വിശുദ്ധിയും അതിനെ എന്റെ ജീവിതത്തിലേയ്ക്കു കൊണ്ടുവരുന്നു.

ക്രിസ്തുവാണ് നമ്മുടെ നീതീകരണത്തിന്റെയും അതുപോലെ തന്നേ നമ്മുടെ പാപത്തിന്റെ പരിഹാരവും.

❖

വിജയ രഹസ്യം
" എനിക്കു ജീവിക്കുന്നതു ക്രിസ്തു" (ഫിലി. 1:21)

ക്രിസ്തു വാസ്തവമായിട്ട് മനം കവരുന്ന സമയത്ത്, സകലതും സംഭവിക്കുന്നു അതുപോലെ എന്തും സംഭവിച്ചേക്കാം. ഇതുകൊണ്ടാണ് പൗലൊസും ഇവരും (ഫിലിപ്പയിലുള്ള വിശ്വാസികൾ) അപ്രകാരം ആയിരുന്നത്. ക്രിസ്തു അവരുടെ മനം കവർന്നിരുന്നു. അവരുടെ ജീവിതത്തിൽ എപ്പോഴും ചീന്തിച്ചിരുന്നത് ക്രിസ്തുവിനെ മാത്രം ആയിരുന്നു. അവർക്ക് ഒരു പക്ഷേ അവരുടെതായ അനവധി കാര്യാദികൾ ഉണ്ടായിരുന്നിരിക്കാം. അവരുടെ വ്യാപാരങ്ങൾ അവരുടെ അതിജീവന മാർഗ്ഗങ്ങൾ, ഈലോകത്തിലെ അവരുടെ വിവിധ കാര്യാദികൾക്കായിട്ടു ഉണ്ടായിരുന്ന അവരുടെ യാത്രകളും അതുപോലെ തൊഴിലുകളും എല്ലാം, എന്നാൽ ഇവിടെ എല്ലാം അവർക്ക് പൊതുവായിട്ട് ഒന്നു ഉണ്ടായിരുന്നു. ആധിപത്യം പുലർത്തിയിരുന്ന ചിന്ത, പരിഗണനയം താല്പര്യവും ക്രിസ്തു ആയിരുന്നു. ക്രിസ്തു ഉണ്ടായിരുന്നു. അവർക്കായിട്ടു സകലത്തിലും മീതേ. വേറെയാതൊരു വാക്കുകളും അതിനായിട്ടില്ല. അവിടുന്ന് അവരുടെ മനം കവർന്നിരുന്നു.

... അത് പ്രതിധ്വനിക്കുന്നതുപോലെ ലളിതമാണ് വിശദീകരിക്കുന്നു. സകലതും. പൗലൊസ് ഇതിനെ വിശദീകരിച്ചിരിക്കുന്നു, ഇതിനെ അവിടെയുള്ള വിശ്വാസികൾ വിശദീകരിച്ചിരിക്കുകയാണ്, അവരുടെ പരസ്പര ധാരണയായ സ്നേഹം ഇത് അവരുടെ സകല പ്രസ്നങ്ങളെയും പരിഹരിച്ചിരിക്കുകയാണ്. സകല ബുദ്ധിമുട്ടുകൾക്കും പരിഹാരം കണ്ടെത്തിയിരിക്കുകയാണ്. എത്രയോ ശ്രേഷ്ഠം. ഓ, ഇത് തന്നെയാണ് എന്താണോ നമുക്കു ആവശ്യ

(ശേഷം 7-ാം പേജിൽ)

(6-ാം പേജിന്റെ തുടർച്ച)

മായിരിക്കുന്നത് താങ്കളും ഞാനും മാത്രം ഇങ്ങനെ ആയിരുന്നുവെങ്കിൽ നാം വാസ്തവമായിട്ടു ക്രിസ്തുവിന്റെ ഈ മനോഹാരിതയ്ക്കു പുറമേ ആയിരുന്നുവെങ്കിൽ! അതിനെ നിങ്ങളുടെ മുൻപാകെ യാതൊരു വിധത്തിലും എനിക്ക് ധരിപ്പിക്കുന്നതിലും അധികം ആയിരുന്നു. എന്നാൽ ഞാൻ ആ സത്യത്തിൽ നോക്കിയതുപോലെ എന്തോ എന്നിൽ പ്രവർത്തിക്കുന്നതായിട്ട് എനിക്ക് അനുഭവപ്പെട്ടതും അതൊക്കെയും വിശദീകരിക്കുവാൻ സാധിക്കാത്ത അത്രയ്ക്കു ആണ്. അതിനു ശേഷം, നമ്മുടെ സകല പ്രശ്നങ്ങളും നമ്മിൽ നിന്നു ദൂരെ പോകുന്നതായിട്ട് അനുഭവപ്പെടുകയും നമ്മിൽ വേറെ പുതിയൊരു വ്യക്തിത്വത്തിന്റെ സ്വാധീനത്തിന്റെ നിയന്ത്രണത്തിൽ എത്തിച്ചേരുകയും, അത് നമ്മെ ഭരിക്കുകയും അതുപോലെ നിയന്ത്രിക്കുകയും - ജീവിതത്തിന്റെ മറ്റുള്ള സകല കാര്യാദികളെക്കാൾ അധികം ആയിട്ടു മാറിതീരുന്നു. ഇത് സത്യമായിട്ടു തീരുന്നുവെങ്കിൽ അത് ക്രിസ്തു മനം കവർന്നതും അതുപോലെ നിയന്ത്രിക്കുകയും ജീവിതത്തിന്റെ മറ്റുള്ള സകല കാര്യാദികളെക്കാൾ അധികം ആയിട്ടു മാറിതീരുന്നു ക്രിസ്തു. ഇത് സത്യമായിട്ടു തീരുന്നുവെങ്കിൽ അത് ക്രിസ്തു മനം കവർന്നതും അതുപോലെ വശീകരിച്ചതും നമ്മുടെ യജമാനനായി തീർന്നതും ആയി തീരുകയും ചെയ്യുന്നു. അതേ, ഞാൻ ഈ വാക്ക് പ്രയോഗിക്കുന്നു. ഒരു ഒഴിയാബാധ, ഒരു മഹത്വകര മായ ഒഴിയാ ബാധ! ഞാൻ ചിന്തിക്കുകയാണ് സ്തുതിഗീതത്തിന്റെ രചയിതാവ് അർത്ഥം ആക്കിയതെന്ന് അദ്ദേഹം എഴുതിയ സന്ദർഭത്തിൽ : യേശു എന്റെ ആത്മാവിന്റെ പ്രീയതമൻ, അദ്ദേഹം എഴുതിയിരിക്കുന്നത്: അങ്ങിൽ ഞാൻ സകലത്തിലും അധികം ഞാൻ കണ്ടെത്തിയിരിക്കുന്നു. ഇത് അതുപോലെ എപ്പോൾ ആയിതീരുന്നുവോ, നാം സന്തോഷത്താൽ നിറയപ്പെട്ടിരിക്കുകയാണ്. അവിടെയൊന്നും യാതൊരുവിധമായ ദു:ഖങ്ങളും ഉണ്ടാകുന്നില്ല. ഉപേക്ഷിച്ചുകളയുവാനുള്ള കാര്യാദികളായിട്ട്. നാം സന്തോഷത്താൽ നിറയപ്പെട്ടിരിക്കുകയാണ്, വിജയത്താൽ നിറയപ്പെട്ടിരിക്കുകയാണ്. അവിടെ നമ്മെ പരാജയപ്പെടുത്തുന്നതായ യാതൊരു ശക്തിയുമില്ല. ഇത് ഒരു മഹത്വകര മായ വിജയത്തിന്റെ സന്തോഷം ആണ്. ഇത് ക്രിസ്തു ജീവിതത്തിന്റെ അധിപൻ ആയിതീർന്നതുമൂലം ഉള്ള വിജയമാണ്. അതേ, ഇത് അങ്ങനെ തന്നേ ആയിരിക്കുന്നു. അതുപോലെ എന്തുകൊണ്ടെന്നാലും അതു അങ്ങനെ തന്നേ ആയിരിക്കുന്നു. ഇത് ഇനിയും ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കും.

എന്നാൽ ഇതിനെ ആവശ്യമായിരിക്കുകയാണ് ചിലതൊക്കെയും അധികം ആയിട്ടു അത് ഒരു തരത്തിലുള്ള മാനസികമായ വിലയിരുത്തൽ വേഗത്തിൽ നമുക്ക് ഈ കാര്യത്തിൽ നിന്നു വ്യതിചലിച്ച് പോകാം. നമുക്ക് ഈ വാക്കുകളെ ആരാധിക്കാം. ഈ ആശയങ്ങളെയും ഒരു മനഹോരമായ അവതരണമാണെന്നു കരുതി ഇതിൽ നാം വീണുപോയേയ്ക്കാം. എന്നാൽ, ഓനമുക്ക് ആവശ്യമായിരിക്കുന്നത് ഒരു *മനംകവരലാണ്.* നമ്മുടെ *സ്വായത്തങ്ങളെ* നമ്മിൽ നിന്ന് തുടച്ചു മാറ്റുന്നതായിരിക്കണം നമ്മുടെ സകല കീർത്തികളും സകലതും നാമും ആയിട്ട് ബന്ധപ്പെട്ടിട്ടുള്ളത്. അതുപോലെ നമ്മുടെ പ്രശംസ്ക്കായിട്ടുള്ളത് അത് ആണ് ഒരുവൻ മനം കവരുമ്പോൾ ഒരേ ഒരു കാഴ്ചപ്പാടു ആയിരിക്കും. ഒരേ ഒരു പ്രശംസയ്ക്കുവേണ്ടി മാത്രമുള്ളതായിരിക്കും. അതു നാം അവിടുത്തെ പാദപീഠത്തിങ്കൽ ആയിരിക്കും. നമുക്ക് നമ്മുടെ കർത്താവിനോടു ആവശ്യപ്പെടാം അത് അവിടുത്തെ ഏകജാതനാൽ മനംകവരുന്നതിനായിട്ട്. ❖

യേശു മരിക്കുവാൻ വേണ്ടി ജനിച്ചവൻ

By Adolph Saphir

ഇത് ഭയങ്കര രഹസ്യമായ കാര്യമാണ്. അത് ദൈവം തന്നേ ഈ ഭൂമിയിലേക്കു മനുഷ്യാവതാരം എടുത്ത് കടന്ന് വന്നതും: ദൈവം തന്നെ അവിടുത്തെ ജനത്തെ സന്ദർശിച്ചതും അത് ദൈവപുത്രൻ മനുഷ്യനായി തീർന്നതും.

എന്നാൽ നാം ഈ മഹത്വകരമായ ദൈവീക നിഗൂഡതയെ ആദരിക്കുമ്പോൾ തന്നേ അതായത് മനുഷ്യാവതാരം എടുത്ത ദൈവത്തിന്റെ പ്രവൃത്തിയെ നമുക്ക് ഒന്നു സ്മരിക്കാം, ഈ മനുഷ്യാവതാരം ആ ക്രൂശീകരണത്തിലേയ്ക്കു നയിച്ച ഒരു അഭിഭാജ്യഘടകമായിതീർന്നു എന്നു ള്ള വസ്തുത. രഹസ്യത്തിന്റെ ഉടമസ്ഥൻ തന്നേ ക്രൂശിന്റെ നിഗൂഢതയിൽ പങ്കുചേർന്നിരിക്കുന്നു.

ഓർത്തിരിക്കുക, മനുഷ്യാവതാരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം എന്നത് അത് കേവലം ഒരു സന്ദർശനം അല്ലായിരുന്നു. പ്രത്യുത മാനവരാശിയുടെ വിമോചനം ആയിരുന്നു. പിതാവിന്റെ ലക്ഷ്യം എന്നത് പുത്രനെ പകരം ആക്കുകയായിരുന്നു. അത് പാപികളുടെ രക്ഷയ്ക്കായിട്ടു ദൈവപുത്രൻ പറഞ്ഞപ്പോൾ, ഇതാ ഞാൻ വരുന്നു, അവിടുത്തെ മനുഷ്യാവതാരത്തെയാണ് ഇവിടുന്ന് അർത്ഥമാക്കിയിരിക്കുന്നത്, ബെത്ലഹേമിലേക്കു. എന്നാൽ അവിടുന്ന് ഇത് കൂട്ടിചേർത്തപ്പോൾ, ഞാൻ നിന്റെ ഇഷ്ടം ചെയ്വാൻ അവിടുന്ന് ആ കാൽവറിയിലേക്ക് നോക്കി, അവിടന്നുള്ള ആ പാപപരിഹാരയാഗത്തിലേയ്ക്കു ആ ശപിക്കപ്പെട്ട വൃക്ഷത്തിൽ അവിടുന്ന് മരിച്ചത് അനീതിയുള്ള നമ്മെ നീതിമാനാക്കുന്നതിനു വേണ്ടിയാണ് (എബ്രാ. 10:9) അവിടുന്നു മനസ്സോടെ വന്നു, സന്തോഷത്തോടെ, അവിടുന്ന് കന്യക മറിയത്തിൽ ജന്മം എടുത്തു അവിടുത്തെ ഇഷ്ടം പൂർത്തീകരിക്കുന്നതിനായിട്ടു ആ ഇഷ്ടത്തിൽ നാം യേശു ക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു (എബ്രാ. 10:10). അവിടുന്ന് ജനിച്ചത് മരിക്കേണ്ടതിനായിട്ടായിരുന്നു. സ്വന്ത ജീവനെ അനേകർക്ക് ഒരു പരിഹാരമായിട്ട് അവിടുന്ന് യാഗം അർപ്പിച്ചു. അവിടുന്ന് നമ്മുടെ പ്രകൃതിയെ നോക്കി കൊണ്ട് സ്വയം ഒരു പരമയാഗം ആയിട്ടു ബലിദാനം നടത്തി; അവിടുന്ന് ഒരു മനുഷ്യനായിട്ടു തീർന്നു മനുഷ്യന്റെ നീതികരണത്തിനായിട്ട് ഒരു പകരക്കാരനായിട്ട്.

അവിടുത്തെ മരണത്തെ ശ്രദ്ധിക്കാം

ഈ ഒരു കാരണത്താൽ ആണ് നം നമ്മുടെ കർത്താവായ യേശുവിന്റെ ജീവിതത്തെ ശ്രദ്ധിക്കുന്നത്, അത് അവിടുന്നു അവിടുത്തെ മരണത്തിലേയ്ക്കു മാത്രം നോക്കിക്കൊണ്ടിരുന്നു. മറ്റുള്ള മനുഷ്യരിൽ നിന്ന് എത്രയോ വ്യത്യസ്തമാണ് ഇത്! അവരൊക്കെയും സദാസമയം തുടർച്ചയായിട്ട് സംസാരിച്ചുകൊണ്ടിരിക്കും അവരുടെ ഈ ഭൂമിയിലെ മനുഷ്യ ജീവിത സമയത്തിനുള്ളതിൽ നിന്നുകൊണ്ട് എന്താണ് അവർക്ക് നേടി എടുക്കാവുന്ന നേട്ടങ്ങളെക്കുറിച്ച്, അവരുടെ സർവ്വശക്തിയും ഇപയോഗിച്ച് ആ നേട്ടങ്ങൾ പ്രാപിക്കുന്നതിനുള്ള പദ്ധതികളും കാര്യപരിപാടികളും ആസൂത്രണം ചെയ്തുകൊണ്ടിരിക്കും. യേശു സദാസമയം സംസാരിച്ചത് അവിടുത്തെ ആ മരണത്താൽ എന്താണ് പ്രയോജനം ഉണ്ടാകുന്നതിനെ കുറിച്ച് മറ്റുള്ള മനുഷ്യർ മരണം അവരുടെ പ്രവർത്തനത്തിൽ സകല നിയന്ത്രണങ്ങളും കഷ്ടതയും കൊണ്ടുവരുന്നു ഭയപ്പെട്ടപ്പോൾ, യേശു ഇതിനെ കാണുന്നത് അവിടുന്നു ഏറ്റവും ശ്രേഷ്ടകരം എന്നാണ്, അവിടുത്തെ സകല മഹത്വപൂർണ്ണമായ പ്രവർത്തികളും അവിടുത്തെ സത്യമായതും ശാശ്വതവുമായ സ്വാധീനത്തിന്റെ ഉറവിടമായും അതുപോലെ ആരംഭവും ആയിട്ടാണ്.

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

വേഗത്തിൽ താങ്കളുടെ മനസ്സിൽ കൂടി വിശുദ്ധയോഹന്നാന്റെ സുവിശേഷം യാത്ര ചെയ്യട്ടെ, ഒന്നു ദർശിച്ചോട്ടെ എത്രയോ പ്രത്യേകമായിട്ടും തുടർമാനമായിട്ടുമാണ് ക്രിസ്തുവിന്റെ മരണം. നമ്മുടെ മുമ്പാകെ രേഖപ്പെടുത്തിയിരിക്കുന്നത്. ആ ഒന്നാമത്തെ അധ്യായത്തിൽ തന്നേ, അവിടുത്തെ കുറിച്ച് എഴുതപ്പെട്ടിരിക്കുന്നത് പാപം വഹിക്കുന്ന കുഞ്ഞാട് എന്നാണ്. യെരുശലേമിൽ അവിടുന്ന് ആദ്യം പ്രവേശിക്കപ്പെട്ട സമയത്ത് അവിടുന്ന് ചിന്തിക്കുകയും സംസാരിക്കുകയും ചെയ്തു. അവിടത്തെ മരണത്തെ കുറിച്ച് ദേവാലയത്തിന്റെ നാശവും വീണ്ടും അതിന്റെ നിർമ്മാണ പ്രവർത്തിയെ കുറിച്ചു നിക്കോദിമോസും ആയിട്ടുള്ള സംഭാഷണത്തിൽ, ക്രൂശീകരണത്തിന്റെ വസ്തുതയെ തുറന്നു കാട്ടുന്നു. മനുഷ്യപുത്രന്റെ ഉയർച്ചയെ സംബന്ധിച്ച്, ദൈവത്തിന്റെ പ്രീയപുത്രന്റെ യാഗത്തെ കുറിച്ച് സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരുന്ന ജീവന്റെ അപ്പത്തെ കുറിച്ച് പറഞ്ഞപ്പോൾ, അവിടുന്ന് അവിടുത്തെ ഉപദേശത്തെയോ അല്ലെങ്കിൽ അവിടുത്തെ മാതൃകകളെ കുറിച്ച് പരാമർശിക്കാതെ, എന്നാൽ “ ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു” (യോഹ. 6:51). അവിടുന്നു സ്വയം അവകാശപ്പെടുന്നു “ നല്ല ഇടയൻ ” എന്നാണ് (യോഹ. 10:11), ആടുകളുടെ മേൽ നോട്ടം നടത്തിയതിനാൽ അല്ല, പച്ചയായ പുല്പുറങ്ങളിൽ അവിടുന്ന് പരിപാലിച്ചതിനാൽ അല്ല, സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്കു പരിപാലിക്കുകയോ, എന്നാൽ അവിടുത്തെ ജീവനെ ആടുകൾക്കുവേണ്ടി ബലി അർപ്പിച്ചതിനാൽ ആണ്, പിതാവും ആജ്ഞാപിച്ചതുപോലെ, യവ്വനക്കാർ അവിടുത്തെ പന്തിയിലേക്ക് വന്നപ്പോൾ യേശുവിനെ ദർശിക്കുവാൻ ആഗ്രഹിച്ചപ്പോൾ, കർത്താവു അവിടുത്തെ ഭാവി സഭയെ ദർശിക്കുകയാണ്, അവിടുത്തെ മരണത്തെ കുറിച്ച് സംസാരിക്കുകയാണ്. ഒരിക്കൽ ആദ്യം തന്നെ അവിടുന്ന് നിവൃത്തീകരിക്കേണ്ടതായ ദൗത്യം ഗോതമ്പു മണി അത് തനിയെ ഇരിക്കുന്നതിനാൽ പ്രയോജനം ഇല്ല. അത് നിലത്ത് വീണു ചാകേണ്ടി ഇരിക്കുന്നു.

അവിടുത്തെ ശുശ്രൂഷയുടെ വളരെ ആരംഭത്തിൽ തന്നേ അവിടുത്തെ ആ പരിശുദ്ധമായ ഹൃദയ ദൃഷ്ടിയിൽ ക്രൂശ് നിന്നിരുന്നു. ഈ മഹത്തായ രക്ഷണ്യ ശുശ്രൂഷയിൽ അവിടുത്തെ ശിഷ്യഗണത്തോട് തുടർമാനമായിട്ട് ആജ്ഞാപിച്ചുകൊണ്ടിരുന്നു. ഈ ശ്രേഷ്ഠകരമായ രക്ഷണ്യ ശുശ്രൂഷയെ സംബന്ധിച്ചു, അവിടുന്നു എല്ലായ്പ്പോഴും അവിടുത്തെ ആത്മാവിനാൽ നമ്മെ നയിച്ചുകൊണ്ടിരിക്കുകയാണ്. യേശുക്രിസ്തു ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്ന്. ഇത് ദൈവപുത്രനാകുന്നു, നമ്മുടെ മശിഹ നമ്മുടെ സകല സർവ്വസവും ആയവൻ, ഭൂമിയിലെ നമ്മുടെ പ്രതീക്ഷയായവൻ അതുപോലെ തന്നെ സ്വർഗ്ഗത്തിൽ നമ്മുടെ സന്തോഷം ആയവൻ.

സ്നേഹത്തിന്റെയും പ്രതീക്ഷയുടെയും ഉറവിടം ആയവൻ

യേശുക്രിസ്തു ക്രൂശിക്കപ്പെട്ടിരിക്കുന്നു! നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം ആയവനെ, സ്നേഹത്തിന്റെ ഉറവിടം ആയവൻ, പ്രതീക്ഷയുടെ ഉറവ ആയവനെ ഇവിടെ ഒന്നു കാണുക.

നാം പാപിയോടു പറയുന്നു: “ ഇതാ ദൈവത്തിന്റെ കുഞ്ഞാട് ” (യോഹ. 1:29). താങ്കളുടെ നിലവിലെ അവസ്ഥ എന്തുമായികൊള്ളട്ടെ, താങ്കളുടെ ജീവിതം ഇപ്പോൾ എങ്ങനെയിരുന്നാലും ക്ഷമയോട് നിന്നുകൊണ്ട് ദൈവത്തിന്റെ രക്ഷയെ കാണുക! ഇത് സ്വർഗ്ഗത്തിൽ നിന്നു വരുന്നു: ഇതു പിതാവിന്റെ ദാനമാണ്. ഇതിന് ഇതിന്റെ വേര് നിങ്ങളുടെ ഹൃദയത്തിലും അതുപോലെ സ്വഭാവത്തിലും അല്ല; ഇത് ഇറങ്ങിവന്നിരിക്കുന്നത് ദൈവീകമായ കൃപയിൽ നിന്നുമാണ്. ഇത് യേശുക്രിസ്തു ക്രൂശിക്കപ്പെട്ടതുമാകുന്നു. സകല ഭൂസിമാവാസികളുമായുള്ളോരേ എങ്കലേയ്ക്കു തിരിഞ്ഞു രക്ഷപ്പെടുവിൻ (യെശ. 45:22).

സ്വർഗ്ഗീയ യെരുശലേമിനെ നോക്കികൊണ്ടുള്ള ഒരു വിശ്വാസിയുടെ യാത്രയുടെ സകല വളർച്ചയിലും അവനോടു പറയുക. ദരിദ്രനായും ആവശ്യക്കാരും ആയിരിക്കുക. ക്രിസ്തു സർവ്വവും - സകലതും ആകുന്നു. ദൈവം അവനെ സ്വർഗ്ഗത്തിലെ നമ്മുടെ നീതീകരണത്തിനും നമ്മുടെ ജീവിതത്തിനുമായി മാറ്റിയിരിക്കുകയാണ്.

ഇവിടെ ഇതാ സ്നേഹത്തിന്റെ ഉറവിടം ഉണ്ടാകുന്നു. ദൈവം നമുക്ക് നല്കിയിരിക്കുന്ന സകല നന്മകളെകുറിച്ചു നാം വളരെ ബോധവാൻന്മാർ ആകാം, ചിന്തിച്ചേയ്ക്കാം. ആ നിർബ്ബന്ധിക്കപ്പെട്ട കരങ്ങളാൽ അതുപോലെ പിതാവിന്റെ ഹൃദയം ഒരിക്കലും ക്ഷീണിച്ചിട്ടില്ല. നമ്മെ അനുഗ്രഹിക്കുന്നതിനും അതുപോലെ സംരക്ഷിക്കുന്നതിനും. നാം ഭയത്തോടെയും ആരാധനയോടെയും മാധുര്യമേറിയ ആഗ്രഹത്തോടെയും ധ്യാനത്തോടെ ആയിരിക്കുന്നു. സീമയറ്റതും ശാശ്വതവുമായ നന്മകൾക്കും വിശുദ്ധിയ്ക്കും ആയിരുന്നത്. എന്നാൽ നാം ചിന്തിക്കുന്നില്ല. സദാ ജ്വലിച്ചുകൊണ്ടിരിക്കുന്ന ദൈവസ്നേഹത്തെ കുറിച്ചു ക്രൂശിക്കപ്പെട്ട രക്ഷകനെ നാം കാണുവോളം. ഇത് അപ്പോൾ ആകുന്നു പരിശുദ്ധാത്മാവും നമ്മുടെ ഹൃദയങ്ങളിലേയ്ക്കു ദൈവസ്നേഹത്തെ പകരുന്നത്.

ഇതാ ഇവിടെ ആകുന്നു നമ്മുടെ പ്രത്യാശ. ദൈവജനത്തിന്റെ കഷ്ടതകളും ദുരിതങ്ങളും, ബലഹീന അവസ്ഥയും വേറെ യാതൊന്നിനാലും പരിഹരിക്കപ്പെടുവാൻ സാധ്യമല്ല. “ സ്വന്തപുത്രനെ ആദരിക്കാതെ നമുക്കു എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ അവനോടുകൂടെ സകലതും നമുക്കു നല്കാതിരിക്കുമോ? (റോമ. 8:32). ഭാരം കുറഞ്ഞ യാതൊരു വാദഗതിയും ആശ്വാസമോ നമ്മുടെ ദു:ഖത്തിലും കഷ്ടതകളിലും നമ്മെ വഹിക്കുന്നുമില്ല. ..... ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നേ ” (റോമ. 8:34). ഇതു മാത്രമാണ് നമ്മുടെ ഒരേ ഒരു സങ്കേതവും ഉറപ്പുള്ള ഗോപുരവും നമ്മുടെ പ്രശ്നങ്ങളിലും അതുപോലെ സംശയസാഹചര്യങ്ങളിലും എത്ര മാധുര്യമേറിയതും രൂചിച്ച് അറിഞ്ഞതുമാണ് നമുക്കുള്ള സ്വർഗ്ഗം കഷ്ടങ്ങളിൽ, മഹാപുരോഹിതന്റെ ദയാദാക്ഷിണ്യവും കരുണയും നാം ഗ്രഹിച്ചപ്പോൾ, അവിടുത്തെ ആത്മാവിനാൽ അവിടുന്ന് നമ്മോട് വാഗ്ദാനം ചെയ്തപ്പോൾ, അത് അവിടുന്ന് കഷ്ടപ്പെട്ടിരുന്നു നമ്മുടെ സകല കഷ്ടങ്ങളും പോലെ,. അതുകൊണ്ട് നാം അവിടുത്തോട് പറയേണം അവിടുന്നുള്ള അനുഗ്രഹങ്ങളും അതുപങ്കുവയ്ക്കുകയും വേണം അവിടുത്തെ മഹത്വത്തെയും കുറിച്ചു ക്രൂശിക്കപ്പെട്ട യേശുക്രിസ്തുവിൽ ആകുന്നു നമ്മുടെ പ്രത്യാശ.

ക്രൂശിൽ കൂടിയാണ് പ്രകാശം വരുന്നത്. ഇത് ആകുന്നു ദൈവ വഴി. ക്രിസ്തു ഇതൊക്കെയും അനുഭവിക്കപ്പെടാതെയാണോ മഹത്വത്തിലേക്കു പ്രവേശിക്കപ്പെട്ടത്? അനവധിയായ പീഢനങ്ങളിലും കഷ്ടങ്ങളിൽ കൂടിയാണ് സഭ ദൈവരാജ്യത്തിൽ പ്രവേശിക്കപ്പെടുന്നത്. മനുഷ്യരാലുള്ള വേർതിരിവുകളും നിന്ദകളും അവർക്ക് യാതൊരു ശക്തിയും ഇല്ല, ശോഭയും അവളുടെ ധനമാഹാത്മ്യവും എന്നാൽ കർത്താവിനെ പിൻപറ്റുകയാണ്, ആരാണോ സ്വയം ദരിദ്രനായി മാറിയത്, ആരാണോ സ്വയം വിനയപ്പെടുത്തിയവൻ, ക്രൂശിലെ മരണത്തോളം ആരാണോ അനുസരണം ഉള്ളവനായിതീർന്നതു, സകല ശക്തിയും മഹത്വവും അവിടുത്തെ ദൈവമുമ്പാകെ ഉള്ളതും അതുപോലെ നമ്മുടെ ദൈവവുമായവൻ, അവിടുത്തെ പിതാവും അതുപോലെ നമ്മുടെയും പിതാവും ആയവന് ആമേൻ.

ക്രിസ്തുവിന്റെ ഉദാത്ത മാതൃകകൾ

നമ്മുടെ ജീവിതത്തിൽ കൂടി നാം കാഴ്ചവെക്കേണ്ട മാതൃക എന്നത് നമ്മുടെ ശ്രേഷ്ഠനായ രക്ഷകൻ ദൈവ ത്തെ നാം സ, ന്തോഷിപ്പിക്കുന്നതിൽ കൂടിയാ ണ്. കർത്താവായ യേശുക്രി സ്തു പറയുന്നത്, ആരാണോ അവിടുത്തെ നാമത്തെ കുറിച്ച് തന്നേ പറഞ്ഞിരിക്കുന്നത്: “എന്നെ അയച്ചവൻ എന്നോടു കൂടെ ഉണ്ടു: ഞാൻ എല്ലാ യ്പ്പോഴും അവനു പ്രസാദ മുള്ളതു ചെയ്യുന്നതുകൊണ്ടു അവൻ എന്നെ ഏകനായി വിട്ടി ട്ടില്ല”(യോഹ. 8:29).

ക്രിസ്തുവിന്റെ തിരഞ്ഞെ ടുപ്പ് എല്ലായ്പ്പോഴും അവി ടുത്തെ പിതാവിന്റെ ഇഷ്ടം അവിടുത്തെ പുത്രനായവന്റെ മീതേ ആയിരിക്കേണ്ടതിനാ യിട്ടു ആ പുത്രനും യേശു ക്രിസ്തു ശ്രദ്ധിച്ചിരുന്നു. എന്തു പ്രയാസം അതിൽ വന്നിരു ന്നാലും എനിക്കു സ്വതേ ഒന്നും ചെയ്വാൻ കഴിയുന്ന തല്ല; ഞാൻ കേൾക്കുന്നതു പോലെ ന്യായം വിധിക്കുന്നു; “ ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്മത്രേ ചെയ്വാൻ ഇച്ഛിക്കുന്നതു കൊണ്ടു എന്റെ വിധി നീതി യുള്ളതു ആകുന്നു” (യോഹ. 5:30). ഇത്രയും ഉന്നതകുലജാ തനായ നമ്മുടെ രക്ഷയുടെ നായകന്റെ ആഗ്രഹം എന്ന തും അവിടുത്തെ പിൻഗാമികൾ സകലരും ഇതുപോലെ തന്നേ ചെയ്യേണം എന്നതാണ്. പിന്നെ അവൻ പുരുഷാരത്തെയും തന്റെ ശിഷ്യന്മാരേയും അ രികെ വിളിച്ചു അവരോടു പറ ഞ്ഞതു: “ ഒരുവൻ എന്നെ അനുഗമിക്കുവാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശ് എടുത്തു കൊണ്ടു എന്നെ അനുഗമിക്കട്ടെ. ആരെ ങ്കിലും തന്റെ ജീവനെ രക്ഷി പ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; ആരെങ്കിലും എന്റെ യും സുവിശേഷത്തിന്റെയും നിമിത്തം തന്റെ ജീവനെ കള ഞ്ഞാൽ അതിനെ രക്ഷിക്കും” (മർ.8:34,35).

എന്നാൽ ഇത് ഒരു പേരു കേട്ട പുനർ വിചാരണ ആവ ശ്യപ്പെടുന്ന ഒരു വസ്തുത അ ല്ല. ആ വചനത്തിൽ അനേകർ പിന്തിരിഞ്ഞേക്കാം. ക്രിസ്തു നമുക്ക് വേണ്ടി വിലകൊടു ത്തു വാങ്ങിയിരിക്കുന്ന സകല ശ്രേഷ്ഠകരമായ അനുഗ്രഹ ങ്ങളും അതതുപോലെ നന്മ കളും നമുക്ക് ആവശ്യം ആയി രിക്കുന്നു. എന്നാൽ നാം ആ ക്രൂശിന്റെ പാതയിൽ തീർച്ച യായിട്ടും നടക്കുന്നു ണ്ടോ? ഓ, ദു:ഖത്തിന്റെ ആ ഗെത്ശ മേന തോട്ടത്തിൽ, പടയാളിക ളുടെ പ്രഹരങ്ങൾ, പീഢന ങ്ങളും ശോകപരവുമായ യെരുശലേം തെരുവിൽ കൂടി ഉള്ള യാത്രയിൽ കാൽവറി യിലെ ആ നീണ്ട ഇരുമ്പു ആണികളുടെ മൂലം അങ്ങേയ റ്റമായ വലിയ യാതനകൾ - അത്,. തീർച്ചയായിട്ട്, ഇത് സക ലതും ക്രിസ്തുവിന്റെതുമാത്ര മായ ശ്രേഷ്ഠതകളാണ്. എന്നിട്ടും അവിടുന്ന് പറയുക യാണ്, ആരാണോ എ ന്നെ പൻപറ്റുന്നത് തന്റെ ക്രൂശ് എടുക്കുവാൻ നാം ഓരോരു ത്തരെയും ദൈവം ഒരുക്കിയി രിക്കുകയാണ്. ദൈവം നമ്മോടുകൂടെ എടുക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്ന ക്രൂശ് അത് വളരെ ഭാരമുള്ളതാണ്, ക്രിസ്തുവിനെ കുറിച്ച് ഒന്നു ചിന്തിക്കുക! ഗെത്ശേമനയിലെ ആ അരുമനാഥന്റെ ദൃശ്യം ഒന്നു വീക്ഷിക്കുക. പ്രഹര ങ്ങളെ സാക്ഷ്യം ആക്കി കൊണ്ടു യെരുശേലം തെരു വുവീഥികളിൽ കൂടി രക്തം ചൊരിഞ്ഞുകൊണ്ടു ശത്രു വിന്റെ സകല തരത്തിലുമുള്ള നിന്ദയും ദുഷിയും അപമാ നവും ഏറ്റുകൊണ്ടുള്ള ആ യാതന നിറഞ്ഞ യാത്ര, പുത്രനെ സ്നേഹിച്ചിരുന്ന കാഴ്ചക്കാർക്ക് അത് പറയു വാൻ പറ്റാത്ത അത്ര ഭയങ്ക രവും ആയിരുന്നു അവരുടെ ബഹുമാന്യനായ ആ യജമാ നന്റെ ക്രൂശിലുള്ള സകല പങ്ക പാടുകളും യാതനകളും ഇ തെല്ലാം ക്രിസ്തുവിന്റെ സ്നേ ഹിതരെ ആ രാജാധിരാജാ വായ സകല നാമത്തിലും മേ ലായ നാമമുള്ള ദൈവത്തി ന്റെ വാഴ്ത്തപ്പെട്ട കുഞ്ഞാടി ന്റെ തിരുമുമ്പാകെ ഹൃദയനു റുക്കത്തോടേയും അധികം വിനയത്തോടുകൂടിയും മുഴങ്കാ ലുകൾ മടക്കുവാൻ സഹായി ക്കുന്നു.

❖

കുരിശും ഉണർവ്വും

ഈ പ്രാവശ്യത്തെ ആഗമ നദൂതന്റെ പ്രതിവാദ്യ വിഷയം ക്രിസ്തുവിന്റെ കുരിശും അ തുപോലെ തന്നേ അവിടു ത്തെ വിളിയിൽ നാം ഓരോ രുത്തരും സ്വയം പരിത്യജിച്ചു കൊണ്ട്, കുരിശു എടുത്ത് നമ്മുടെ മാതൃകാപുരുഷനായ അവനെ പിൻതുടരുക എന്നു ള്ളതിനെ കുറിച്ചാണ്. ക്രിസ്തീ യ ജീവിതത്തിൽ നാം കാ ണുന്ന ഒരു വിരോധാഭാസം ആണ് നമുക്ക് വളരെ സമൃദ്ധി യായ ജീവൻ ആസ്വദിക്കു വാൻ സാധിക്കുന്നത് എപ്പോ ഴാണോ നാം പൂർണ്ണമായിട്ട് നമ്മത്തന്നെ പരിത്യജിച്ചുകൊ ണ്ട് കർത്താവായ ക്രിസ്തു വിങ്കലേയ്ക്കു നമ്മുടെ ജീവി തത്തെ സമർപ്പിച്ചുകൊടുക്കു മ്പോൾ ആണല്ലോ. നമ്മുടെ കർത്താവായ ക്രിസ്തു പഠിപ്പി ച്ചതുപോലെ, “ ആരെങ്കിലും, തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും” (മ ത്താ. 16:25). അവിടുന്ന് വീണ്ടും പഠിപ്പിച്ചത്, ഞാൻ നിങ്ങളോടു പറയുന്നു; “കോതമ്പു മണി നിലത്ത് വീ ണു ചാകുന്നില്ല എങ്കിൽ അതു തനിയെ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവു ണ്ടാകും” (യോഹ. 12:24).

എഫ്..ജെ.ഹുഗിൽ അദ്ദേഹ ത്തിന്റെ പുസ്തകം ആയ കാൽവറിസ് വൊണ്ടേഴ്സ് ക്രോസിൽ അദ്ദേഹം ഒരു ദൈവപൈതലിന്റെ ആത്മാ വിൽ നിന്ന് ഉള്ള അവസ്ഥയെ ക്കുറിച്ചു പ്രതിവാദിക്കുന്നു, ജീവജലത്തിന്റെ നദികൾ ലോകത്തിലേക്കു ഒഴുകപ്പെടു ന്നു. അത് അന്ധകാരത്തിൽ ഇരിക്കുന്നു. അതുപോലെ കൂരിരുളിന്റെ താഴ്വരയും എന്നാൽ ഈ നദികൾ ഒരി ക്കലും നമ്മിൽ നിന്നു പുറപ്പെ ടുന്നില്ല, പരിശുദ്ധാത്മാവ് നമ്മിൽ ഒരു സജീവ പങ്കാ ളിത്വം വഹിക്കുന്ന ഒരു വ്യക്തി യായിട്ട് നമ്മെ മാറ്റിയെടുക്കു ന്നു. രക്ഷിതാവിന്റെ കുരിശിനു വേണ്ടി. സ്വന്തം ജീവിത ത്തിന്റെ വലിയ പ്രതിബന്ധ ത്തെ കുരിശു എടുത്തു പു റത്ത് കളയേണ്ടി ഇരിക്കുന്നു കാരണം അത് എന്നിൽ തന്നേ ചില ചുവരു സൃഷ്ടിച്ചെടുക്കു ന്നതിനാൽ തന്നേ; രക്ഷിതാ വിന്റെ മരണം കയ്യാൽ നിർമ്മ തമായ എന്റെ അന്തരാത്മാ വിനെ പുനർ സൃഷ്ടിക്കു ന്നതും സ്വാർത്ഥ താല്പര്യ ങ്ങളെ അടിച്ച് ഉടച്ച് നിരപ്പിക്കു ന്നതും ജഡം എന്നു അറിയ പ്പെട്ടിരുന്നതിനെ, ഒന്നു പണി തെടുത്ത് എന്നെ ഒരു അനു ഗ്രഹിക്കപ്പെട്ട മാധ്യമം ആക്കി തീർക്കുക ദൈവത്തിന്റെ ജീവനെ പുറത്തേയ്ക്കു വഹി ക്കുന്നതിനായിട്ട്.. കൂടെയുള്ള ക്രൂശീകരണം എന്നിൽ ഒരു അല്പം ആയതിനെ ചെയ്യുന്നു ള്ളൂ. ഒരു വലിയ മിസിസ്സിപ്പി (നദി) ജീവൻ ദാനം നല്കുന്ന ചാലുകൾ ദൈവത്തിന്റെ സിംഹാസനത്തിൽ നിന്നു പുറ പ്പെടുവിക്കുന്നതിനാലും അതു പോലെ ആ സമുദ്രത്തിൽ നിന്ന് ആരൊക്കെയാണോ പാനം ചെയ്യുന്ന ആ മനുഷ്യ വർഗ്ഗത്തിന്റെ വേദനയും അതു പോലെ പാപവും മാഞ്ഞു പോകുന്നു.

തുടർന്നും അദ്ദേഹം ഇങ്ങ നെ തന്നേ എഴുതികൊണ്ടിരി ക്കുകയാണ്, വിശ്വാസി കുരി ശിൽ ആയിരിക്കുമ്പോൾ സ്വർഗ്ഗത്തിൽ നിന്ന് ഓക്സി ജൻ ആണ് ആസ്വദിക്കുന്നത്. അവൻ ഇവിടെയാണ് മരിക്കു ന്നത്, ജീവിക്കുവാൻ അതു പോലെ ശരിയായിട്ടുമുള്ള ആ

(ശേഷം 10-ാം പേജിൽ)

(തുടർച്ച)

മരണത്തിന്റെ തലവരെയും അവൻ ജീവിച്ചുകൊണ്ടിരിക്കുകയാണ്. ഗലാത്യർ 2:20-ൽ നാം കാണുന്നതുപോലെ ഞാൻ എന്ന ഭാവം ഒന്നു മാറിപോയിട്ട് ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. അതുപോലെ ഒരിക്കൽ കൂടി ചിലതൊക്കെയും വളരെ സാദൃശ്യമുള്ള പ്രകാരം വലിയ അത്ഭുതകരമായിട്ട് രേഖപ്പെടുത്തിയിരിക്കുകയാണ്. അപ്പോസ്തല പ്രവൃത്തികളിൽ ഇവിടെയാണ് നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നത് ഒരു വലിയ പ്രാധാന്യമുള്ള ഉണർവ്വ് സംഭവിക്കേണ്ടത് വളരെ വലിയ ആവശ്യം തന്നെ ആയിരിക്കുകയാണ്. അതിനുവേണ്ടി തന്നേയാണ് സഭ വളരെ ആത്മഭാരത്തോടുകൂടി ആത്മാർത്ഥതയോടുകൂടി പ്രാർത്ഥിച്ചത്.

സർവ്വകൃപാലുവായ നമ്മുടെ കർത്താവായ ദൈവം നമ്മെ അതിനായിട്ട് അധികം ശക്തീകരിക്കട്ടെ. തുടർന്നുള്ള ലേഖനങ്ങളിൽ കൂടിയും അതുപോലെ തന്നേ അതിനെ ഒക്കെയും നമുക്ക് വലിയ ആഴത്തിലുള്ള അർത്ഥത്തോടുകൂടി ഒന്നു ആലിംഗനം ചെയ്യാം. ക്രിസ്തുവിന്റെ ക്രൂശിലെ ആത്യാഗപരമായ മരണത്തെയും അതുപോലെ തന്നേ നമ്മുടെ ജീവിതത്തിൽ അന്തർലീനമായി കിടക്കുന്ന ഞാൻ എന്ന ഭാവത്തെയും നമ്മിലുള്ള സകല പാപപ്രവൃത്തികളേയും ഒന്നു കണ്ടു ഉണരുവാനും അതിനാൽ ക്രിസ്തുവിന്റെ ജീവിതം നമ്മിൽ അതിശക്തമായിട്ട് തിങ്ങി നിറയുകയും അത് പുറത്തേക്കു ഒഴുകുകയും അനേകർക്ക് അത് ഒരു വലിയ അനുഗ്രഹവും ആയി മാറട്ടെ! “ ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി ഏല്പിച്ചുകൊടുത്ത ദൈവം പുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു” (ഗലാ. 2:20). ❖

ക്രൂശിന്റെ ശക്തി

മനുഷ്യ ചരിത്രത്തിന്റെ ആരംഭം മുതൽ ഇന്നുവരേയും ശത്രുവായ സാത്താൻ അല്ലെങ്കിൽ പിശാച് മനുഷ്യനെ പാപത്തിലും അതുപോലെ മരണത്തിലും കീഴ്പ്പെടുത്തിയിരിക്കുകയാണ്. എന്നാൽ ദൈവത്തിന്റെ മഹത്തായ നിയമം പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത് ഒരു മനുഷ്യൻ പാപം പ്രവർത്തിച്ചു പോയെങ്കിൽ അവൻ തീർച്ചയായിട്ടും മരണത്തിനു യോഗ്യനാണ്. സാത്താനാകട്ടെ മനുഷ്യന്റെ മരണഭീതിയാൽ അവനെ അവൻ അധികം ദാസ്യനാക്കുകയാണ് ചെയ്തുവരുന്നത്. മനുഷ്യവർഗ്ഗത്തിന്റെ ഈ അവസ്ഥ അവനെ വളരെ ദയനീയ സാഹചര്യത്തിൽ എത്തിച്ചേർത്തിരിക്കുകയാണ്. ഈ ഒരു കാരണത്താൽ തന്നെയാണ് നമ്മുടെ കർത്താവായ യേശുക്രിസ്തു ഈ പോർക്കളത്തിലേയ്ക്കു പ്രവേശിച്ചത്. മനുഷ്യന് അവനെ തന്നെ സ്വതവേ രക്ഷിക്കുവാൻ ഒരിക്കലും സാധ്യമല്ല. മരണവും പാപവും പൂർണ്ണമായിട്ട് സകല മനുഷ്യരെ ആകെ ഇളക്കി മറിച്ചിട്ടിരിക്കുകയാണ്. അപ്പോൾ ആണ് ക്രൂശിന്റെ മാർഗ്ഗം ഈ ഭൂമിയിലേക്ക് പ്രവേശിച്ചത്.

ക്രൂശിന്മേൽ, ക്രിസ്തു മാനവരാശിയ്ക്കായിട്ട് വിജയശ്രീലാളിതനായി. പാപമില്ലാത്ത നിഷ്കളങ്കനായ ദൈവകുഞ്ഞാട്, തെറ്റായ ആരോപണങ്ങളാൽ കൊല്ലപ്പെട്ട വിമോചനത്തിന്റെ വില കൊടുത്തു. അവിടുന്ന് സ്വതവേ പൂർണ്ണ മനസ്സോടെ സകലരുടെയും പാപം അവിടുന്ന് തന്നേ ഏറ്റെടുത്തു അതുപോലെ നമ്മുടെ പാപവും വഹിച്ചു ആ പാപത്തിന്റെ വിമോചനദ്രവ്യം ആവിടുത്തെ ക്രൂശ് മരണത്താൽ നല്കി. നമ്മുടെ ഓരോരുത്തരുടേയും അർഹതപ്പെട്ട മരണത്തിനു തത്തുല്യമായിട്ട് അവിടുന്ന് നമ്മയ്ക്കായിട്ട് ക്രൂശിൻമേൽ ഒരു പരമയാഗമായിട്ട്, ഒരിക്കലായിട്ട് സകലർക്കുവേണ്ടി അത് നിർവ്വഹിക്കപ്പെട്ടും, പാപവും മരണവും ആണ് സകല മനുഷ്യരേയും പിടിച്ചിരിക്കുന്നത്. ആരൊക്കെയാണോ യേശുക്രിസ്തുവിനെ പിൻതുടരുന്നത് അവരൊക്കെയും പാപത്തിൽ നിന്നും സ്വതന്ത്രരാണ്, അതുപോലെ ഇപ്പോൾ അവർക്ക് ജീവനും ഉണ്ട്. വിജയത്തിന്റെ പ്രതീകം ആയിട്ട് ക്രൂശ് നമ്മുടെ (മനുഷ്യവർഗ്ഗത്തിന്റെ) മുമ്പിൽ ഇന്ന് നിലകൊള്ളുന്നത്!

ഈ പരമ പ്രധാനമായ സത്യത്തെ നാം മനസ്സിലാക്കുവാൻ ശ്രമിക്കുമ്പോഴാണ് ക്രൂശ് നമ്മുടെ സഭയിൽ എത്രമാത്രം പ്രാധാന്യം ഉണ്ടെന്നുള്ളത് നമുക്ക് തിരിച്ചറിയുവാൻ സാധിക്കുന്നത്. അക്ഷരാർത്ഥത്തിൽ ക്രൂശ് നമ്മുടെ വിശ്വാസത്തിന്റെ പ്രതീകമായിട്ടാണ് നാം അംഗീകരിക്കുന്നത്. “ ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു ” (1കൊരി. 1:18). ക്രൂശ് എന്നത് അത് ദൈവത്തിന്റെ ശക്തി ആകുന്നു. സകലവിധമായ വസ്തുതകളിൽ കൂടി ദൈവം അവിടുത്തെ അതിമഹത്തായ ശക്തിയെ വെളിപ്പെടുത്തുന്നതിനു വേണ്ടി തെരഞ്ഞെടുത്തിട്ടുള്ളതാണ്, അവിടുന്ന് ഒരു ക്രൂശിനെയും തിരഞ്ഞെടുത്തു. ക്രൂശിൽ കൂടി എപ്രകാരമാണ് ദൈവം അവിടുത്തെ ശക്തിയെ വെളിപ്പെടുത്തുന്നത്. അതുകൊണ്ടാണ് അപ്പോസ്തലനായ പൗലൊസ് എഴുതുന്നത്, “എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാൽ അല്ല, ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രേ ആയിരുന്നത് ” (1 കൊരി. 2:5). പൗലൊസ് ഒന്നാം അദ്ധ്യായത്തൽ പറയുന്നത് ക്രൂശ് എന്നത് ദൈവത്തിന്റെ ശക്തിയെന്നാണ്. അപ്പോൾ അദ്ദേഹം അവിടെ പറയുന്നത് നമ്മുടെ വിശ്വാസം ദൈവത്തിന്റെ ശക്തിയിൽ അധിഷ്ഠിതമായിരിക്കണമെന്ന്... ക്രൂശ് . എന്നാൽ ഇന്ന് നമ്മുടെ വിശ്വാസം എവിടെയാണ് അടിസ്ഥാനമാക്കിയിരിക്കുന്നത്.

അപ്പോസ്തലനായ പൗലൊസ് ഈ വകകാര്യങ്ങൾ പ്രസ്താവിച്ചിരിക്കുന്നത് ചില പ്രത്യേകമായ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലാണ്, അതായത് അവൻ പ്രസംഗിച്ചത് ബലഹീനതയിലും, ഭയത്തിലും, അതുപോലെ തന്നേ അതിഭയങ്കരമായ ഭീതിയിലും ആയതിനാൽ അവന്റെ വചന പ്രഘോഷണ സമയത്ത് ജ്ഞാനത്തിന്റെ വാക്കുകൾ പ്രയോഗിക്കുന്നില്ല. ഈ ഒരു കാരണത്താലാണ് കൊരിന്ത്യരുടെ വിശ്വാസം തന്നിലോ അല്ലെങ്കിൽ വേറൊരു മനുഷ്യനിലോ ആകാതെ, പ്രത്യുത ക്രൂശിൽ കൂടി ദൈവത്തിന്റെ ശക്തിയായിട്ട് അവിടെ വെളിപ്പെടുന്നത്. എന്റെ പ്രീയ സുഹൃത്തക്കളെ സഭ ഇന്ന് അവർക്ക് വളരെ ആവശ്യമായിരിക്കുകയാണ് ഇതൊന്നു കേൾക്കുവാനും അതുപോലെ ഈ വചനങ്ങളാൽ ജീവിക്കുന്നതിനും ആയിട്ട്. അനേകം ആൾക്കാർ ഇന്ന് പ്രവർത്തിക്കുന്നത അവരുടെ വിശ്വാസം ഏതെങ്കിലും വ്യക്തിയിൽ അധിഷ്ഠിതമാണ്, ക്രൂശിൽ അല്ല; നാം നമ്മുടെ പാസ്റ്ററെ ഇഷ്ടപ്പെടുന്നുവെങ്കിൽ, അങ്ങനെയെങ്കിൽ നാം ആ പള്ളിയെ ഇഷ്ടപ്പെടുന്നു. എന്നാൽ ആ പള്ളിയിലെ പാസ്റ്റർ വളരെ പുറകിലുള്ളവൻ. അതായത് നമുക്ക് ഇഷ്ടപ്പെടുവാൻ തന്നിൽ ഒന്നും നാം കാണുന്നില്ല. അപ്പോൾ നാം ആ പള്ളിയെ ഇഷ്ടപ്പെടുന്നില്ല. ഇതാണ് വസ്തുതയെങ്കിൽ ഇന്ന് നമ്മുടെ വിശ്വാസം എവിടെയാണ്? അപ്പോൾ ഇത് വ്യക്തികളിൽ അധിഷ്ഠിതമാ

(ശേഷം 11-ാം പേജിൽ)

(തുടർച്ച)

ണ്, ക്രൂശിനെക്കാൾ അധികം ആയിട്ട്.

പ്രസംഗവും അതിന്റെ അർത്ഥങ്ങളും

തീർച്ചയായിട്ടും സഭ വളരെ അത്യാവശ്യം ആയിട്ടു മനസ്സിലാക്കേണ്ടി ഇരിക്കുന്നു. നമ്മുടെ വിശ്വാസം ക്രൂശിൽ മാത്രം ആശ്രയിച്ചതല്ല, പ്രത്യുത നമ്മുടെ പ്രസംഗം തന്നെ ക്രൂശിനെ കുറിച്ചാണ്. സഭയെ ക്രൂശിന്റെ പ്രസംഗം കേൾക്കുവാൻ സഹായിക്കുന്നു,. എന്നാൽ ഈ പ്രസംഗമാണ് തീർച്ചയായിട്ടും നശിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ മനുഷ്യരിലും ലോകത്തിലും ഉയർത്തി കാട്ടേണ്ടത്. നമ്മുടെ ഈ ലോകത്തിന്റെ പരിഹാം ആയിട്ട് വേറെ യാതൊന്നും ഇല്ല. ഇവിടെ മാറി മാറികൊണ്ടിരിക്കുന്ന വേറെ യാതൊരു പദ്ധതികളും ഇല്ല. ഇത് ക്രൂശിൽ കൂടിയാണ് ദൈവത്തിന്റെ ശക്തി ലോകത്തിൽ വെളിപ്പെടേണ്ടത്. യാതൊരു വകതിരിവും കൂടാതെ ഇങ്ങനെയുള്ള കുറ്റം സൃഷ്ടിക്കുന്നത്, തീർച്ചയായും സഭ നമ്മുടെ ലോകത്തിൽ ക്രൂശി ന്റെ വചനത്തെ അതിശക്തിയോടെ പ്രസംഗിക്കണം എന്നുള്ളതാണ്.

വ്യക്തിപരമായ നമ്മുടെ ക്രിസ്തീയ ജീവിതത്തിലേയ്ക്കു സഭയിൽ നിന്നു ഒന്നു ഇറങ്ങി ചെന്ന് ഒരു ആത്മ പരിശോധന നടത്തുന്നതാകട്ടെ അടുത്തതായിട്ട് നാം പ്രവർത്തിക്കേണ്ട അടുത്ത ഒരു നടപടി എന്നുള്ളത്. നാം വ്യക്തികളായവർ, തീർച്ചയായിട്ടു ഗ്രഹിക്കേണ്ടിയിരിക്കുന്നു. നമ്മുടെ രക്ഷയുടെ പരമപ്രധാനമായ ഒരു ഘടകം ആണ് ക്രൂശ്. പൗലൊസ് എഴുതുന്നത്, ഒന്ന് കൊരിന്ത്യരിൽ ക്രൂശിന്റെ വചനത്തെ കുറിച്ച് “ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ടു വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിനു പ്രസാദം തോന്നി ” (1:21). ആരൊക്കെയാണോ ക്രൂശിന്റെ വചനത്തിൽ വിശ്വസിക്കുന്നത് അവർക്കെല്ലാം നിത്യജീവൻ ലഭിക്കുന്നു എന്തുകൊണ്ടെന്നാൽ ക്രൂശിൽ നമ്മുചെ സകല പാപവും മരിക്കുന്നു. ക്രിസ്തു എന്ന വ്യക്തിത്വത്തിൽ അവർ മരിക്കുകയാണ്. അങ്ങനെ പാപവും മരണവും ഇനി നമ്മെ ഭരിക്കുകയില്ല. നമ്മൾ ജീവിക്കുന്നു എന്തുകൊണ്ടെന്നാൽ ക്രൂശ് ഉള്ളതുകൊണ്ട് . ഈ ക്രൂശ് മാത്രമാണ് നമ്മുടെ രക്ഷയ്ക്കുള്ള ഏക മാർഗ്ഗം. ഇന്ന് ധാരാളം ആൾക്കാർ വേറെ മാർഗ്ഗങ്ങളെയാണ് കണ്ടെത്തുവാൻ ശ്രമിക്കുന്നത്. ഒരു ക്രൂശ് നമ്മെ രക്ഷിക്കുന്നു. എന്നു പറയുമ്പോൾ അത് വിഡ്ഢിത്തം ആയിട്ടു കണ്ടെയ്ക്കാം, എന്നാൽ ഇത് യഥാർത്ഥ്യം ആണ്. വിശുദ്ധ വേദവചനം വേറെ യാതൊരു മാർഗ്ഗത്തെ യും കുറിച്ചു പറയുന്നില്ല.

ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു.

ദൈവമക്കൾ തീർച്ചയായിട്ടും ക്രൂശിനെ സ്നേഹിക്കുകയും അതുപോലെ തന്നെ അവന്റെ/ അവളുടെ സ്വന്തം ആയിട്ട് അതിനെ സ്വീകരിക്കുവാനുള്ള മനസ്സു ഉണ്ടായിരിക്കേണം. യേശുവിന്റെ ക്രൂശ് അത് നമ്മുടെ ഓരോരുത്തരേയും ക്രൂശ് ആയിട്ട് മാറേണം. യേശു പറഞ്ഞു, “ ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ തൃ ജിച്ചു തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കട്ടെ. ” (മത്താ. 16:24). സകല ക്രിസ്ത്യാനികൾക്കും ഒരു ക്രൂശ് ഉണ്ട്. നാം എല്ലാവരും ഇതെ ക്രൂശിനെ വഹിക്കുന്നവരാണ്. ഈ ക്രൂശ് യേശുക്രിസ്തു ക്രൂശിക്കപ്പെട്ട മരിച്ച ക്രൂശാണ്. പൗലൊസ് എഴുതുന്നത്, “ ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ് തുവത്രേ എന്നിൽ ജീവിക്കുന്നു. (ഗലാ. 2:20). സഭ എന്നത് ക്രൂശിക്കപ്പെട്ട ജനസമൂഹത്തിന്റെ കൂട്ടായ്മയാണ്. നാം ക്രിസ്തുവിനോടുകൂടെ എങ്ങനെയാണ് ക്രൂശിക്കപ്പെട്ടിരിക്കുന്നത് എന്നുള്ള പരമസത്യം ഗ്രഹിക്കുന്നില്ല എങ്കിൽ, വിജയപ്രദമായ ക്രിസ്തീയ ജീവിതം നയിക്കുന്നതിന്റെ പ്രധാന കണ്ണിയെ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്.

പൗലൊസ് വിശദീകരിച്ചിരിക്കുന്നത് ശ്രദ്ധിക്കുക: “ അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടു ഏകീഭവിക്കും. നാം ഇനി പാപത്തിനു അടിമപ്പെടാതവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിനു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു. അങ്ങനെ മരിച്ചവൻ പാപത്തിൽ നിന്നു മോചനം പ്രാപിച്ചിരിക്കുന്നു. നാം ക്രിസ്തുവിനോടുകൂടെ മരിച്ചു എങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു വിശ്വസിക്കുന്നു. ക്രിസ്തു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല; മരണത്തിനു അവന്റെമേൽ ഇനി കർത്തൃത്വമില്ല എന്നു നാം അറിയുന്നുവല്ലോ. അവൻ മരിച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു; അവൻ ജീവിക്കുന്നതോ ദൈവത്തിനു ജീവിക്കുന്നു. അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നു നിങ്ങളെത്തന്നേ എണ്ണുവിൻ ” (റോമർ. 6:3-11).

എന്റെ സുഹൃത്തളെ, നാം ക്രിസ്തുവിനോടു കൂടി മരിച്ചിരിക്കുന്നുവെങ്കിൽ അങ്ങനെ അല്ല. എന്തുകൊണ്ടാണ് നാം പ്രവൃത്തിക്കുന്നത്? ഈ ജീവിതത്തെ വലിയ കടുപ്പമേറിയതായിട്ട് നാം ഇതിനെ എന്തുകൊണ്ടാണ് മുറുകെ പിടിച്ചിരിക്കുന്നത്? നാം നമ്മെത്തന്നെ ഈ ലോകത്തോടെയും അതുപോലെ ഈ ലോക വസ്തുക്കളോടെയും ആണ് പരിഗണിച്ചിരിക്കുന്നത്. എന്നാൽ നാം ഈ ലോകത്തിന്റെതു അല്ലതാനും. നമ്മുടെ പൗരത്വം വേറൊരു സ്ഥലത്താണ്. ശാരീരികമായ മരണത്താൽ നമ്മുടെ ജീവിതത്തെ അവസാനിപ്പിക്കുന്നില്ല. നാം ഇപ്പോൾ തന്നേ മരിച്ചിരിക്കുന്നുവെങ്കിൽ, അപ്പോൾ മരണത്തിനു നമ്മിൽ എന്ത് ചെയ്വാൻ കഴിയുന്നത്? നാം ക്രിസ്തുവിൽ ജീവിക്കുമ്പോൾ നാം എന്നന്നേക്കുമായിട്ടാണ് ജീവിക്കുന്നത്. അതുപോലെ തന്നേ ഇത് എത്രയോ മഹത്വകരമായ ജീവിതമാണ്! നാം നമ്മുടെ മുന്നിലുള്ള ഓട്ടം ഓടിക്കൊണ്ടിരിക്കുകയാണ്, അത് നമ്മുടെ ശക്തിയാലല്ല, പ്രത്യുത ക്രൂശിന്റെ ശക്തിയാലണത്രേ. ക്രിസ്തുവിന്റെ ക്രൂശ് നമ്മുടെ ക്രൂശ് ആയിത്തീരുന്നു.

“ ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു”. കർത്താവായ യേശു, താങ്കളുടെ ജീവിതത്തിൽ പൂർണ്ണമായിട്ടു നിറവോടുകൂടി ജീവിക്കട്ടെ, എന്നിലും!

❖